

ടൈംസ് ഓഫ് അമേരിക്ക
TIMES of AMERICA

2026 നവംബർ 01–15
Volume XX Issue 20

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താ ദ്വൈമാസിക



Cheif Editor: **George Thazhakara**
Tel: + 944 73 55710
e-mail:**georgethazhakara@gmail.com**

TIMES OF AMERICA.ORG ONLINE BI- WEEKLY
www: **timesofamerica.org**
News Cordination: Joychan Puthukulam

Managing Editor: **Mathew George**
Tel: 267-991-2111



100000 ഫീസ് ഇല്ലാതെ എച്ച്1ബി വിസ ഹർജികൾക്ക് അംഗീകാരം നൽകിത്തുടങ്ങി



– പി.പി ചെറിയാൻ

വാഷിംഗ്ടൺ: എച്ച്1ബി വിസ ലഭിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന 1,00,000 ഡോളർ ഫീസ് ഈടാക്കാതെ തന്നെയുള്ള വിസ ഹർജികൾക്ക് യു. എസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസ് അംഗീകാരം നൽകിത്തുടങ്ങി. തുക ഈടാക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഫെഡറൽ കോടതി ഉത്തരവുകളെ തുടർന്നാണ് ഈ നടപടി.

കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അപേക്ഷ നൽകിയ തൊഴിലുടമകൾക്ക് ഇത് വലിയ ആശ്വാസമാണ് നൽകുന്നത്. നിലവിൽ അപേക്ഷകളുടെ പ്രോസസ്സിംഗ് വേഗത വിവിധ ഘടകങ്ങളെ ആശ്രയിച്ച് വ്യത്യസ്തമാണ്.

2025 സെപ്റ്റംബറിലെ പ്രസിഡൻഷ്യൽ പ്രൊക്ലമേഷൻ വഴിയാണ് ഈ ഉയർന്ന ഫീസ് ഏർപ്പെടുത്തിയിരുന്നത്. യു.എസിന് പുറത്തുള്ള ജീവനക്കാർക്കായി സമർപ്പിച്ച പുതിയ എച്ച്1ബി അപേക്ഷകളെയാണ് ഇത് പ്രധാനമായും ബാധിച്ചിരുന്നത്. എന്നാൽ രണ്ട് ഫെഡറൽ കോടതികൾ ഈ നീക്കം തടയുകയായിരുന്നു.

ഈ സാഹചര്യത്തിൽ, മുമ്പ് പരിഗണനയിലുള്ള അപേക്ഷകൾ പുനപരിശോധിക്കാനും വലിയ ഫീസ് കാരണം ഒഴിവാക്കിയിരുന്ന വിദേശ ഉദ്യോഗാർത്ഥികളെ വീണ്ടും പരിഗണിക്കാനും തൊഴിലുടമകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

യൂറോപ്പിൽ പ്രതിഷേധം കത്തുന്നു; പോർച്ചുഗലിലും അൽബേനിയയിലും സർക്കാർ ഓഫീസുകൾക്ക് തീയിട്ടു



ടിരാന: അൽബേനിയൻ തലസ്ഥാനമായ ടിരാനയിൽ സർക്കാർവിരുദ്ധ പ്രതിഷേധം വീണ്ടും ശക്തമാകുന്നു. പ്രധാനമന്ത്രി എഡി റാമ പുതിയ നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചതിനു പിന്നാലെയാണ് ആയിരങ്ങൾ തെരുവിലിറങ്ങിയത്. രാജി ആവശ്യപ്പെട്ട് പ്രധാനമന്ത്രിയുടെ ഓഫിസിലേക്ക് മാർച്ച് നടത്തിയ പ്രതിഷേധക്കാർ ചർച്ചയ്ക്കായി സജ്ജീകരിച്ചിരുന്ന കസേരകൾക്കു തീയിടുകയും ചെയ്തു. അഴിമതി, തൊഴിലില്ലായ്മ, വിദ്യാഭ്യാസ മേഖലയിലെ താഴ്ന്ന നിലവാരം എന്നിവ ചൂണ്ടിക്കാട്ടിയാണ് വിദ്യാർഥികൾ പ്രതിഷേധിക്കുന്നത്. സർക്കാർ ഓഫിസുകൾക്കു നേരെ വ്യാപക ആക്രമണം നടന്നിരുന്നു.

അക്രമത്തിലൂടെ രാജിവയ്പിക്കാമെന്ന് കരുതുന്നത് തെറ്റാണ്, എന്നാൽ പ്രതിഷേധക്കാർ ആവശ്യപ്പെടുന്നതെല്ലാം അനാവശ്യമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ലപ്രധാനമന്ത്രി വിഡിയോ സന്ദേശത്തിൽ വ്യക്തമാക്കി.

അതേസമയം, ഫ്രാൻസിലും സർക്കാർവിരുദ്ധ പ്രക്ഷോഭങ്ങൾ രൂക്ഷമാവുകയാണ്. 31ന് വീണ്ടും പ്രതിഷേധിക്കാനും നവംബർ 5ന് രാജ്യവ്യാപകമായി പണിമുടക്ക് നടത്താനും വിവിധ ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്തു. കഴിഞ്ഞ ശനിയാഴ്ച നടന്ന പ്രതിഷേധ മാർച്ചിൽ 4,10,000 പേരാണ് പങ്കെടുത്തത്. മുൻ ആഴ്ചകളിലുണ്ടായതുപോലുള്ള അക്രമങ്ങളും കൊള്ളയും ഒഴിവാക്കാൻ 70,000 പൊലീസുകാരെയാണ് സർക്കാർ വിന്യസിച്ചത്.

ശനിയാഴ്ച ബെൽജിയം തലസ്ഥാനമായ ബ്രസൽസിൽ പൊലീസും പ്രതിഷേധക്കാരും തമ്മിൽ ഏറ്റുമുട്ടലുണ്ടായി.

ബിഗ് ടെക് കമ്പനികൾക്കെതിരെ രൂക്ഷ വിമർശനവുമായി യു. എസ് കോൺഗ്രസ് അംഗം രാജ കൃഷ്ണമൂർത്തി

ചിക്കാഗോ: സമൂഹമാധ്യമങ്ങളിലെ വിദ്വേഷ പ്രചാരണത്തിലൂടെ ബിഗ് ടെക് കമ്പനികൾ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നുവെന്ന് യു.എസ് കോൺഗ്രസ് അംഗം രാജ കൃഷ്ണമൂർത്തി. ഇന്ത്യൻ വിരുദ്ധ വിദ്വേഷം സമൂഹമാധ്യമങ്ങളിൽ വർദ്ധിച്ചുവരികയാണെന്നും, ഇതിനെതിരെ കമ്പനികളെ കോൺഗ്രസ് ഉത്തരവാദികളാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ട്രംപ് ഭരണകൂടം മൗറീൻ കോമിയെ പുറത്താക്കിയത് നിയമവിരുദ്ധമെന്ന് കോടതി വിധി

ന്യൂയോർക്ക്: മുൻ എഫ്. ബി. ഐ ഡയറക്ടർ ജെയിംസ് കോമിയുടെ മകളും മുൻ ഫെഡറൽ പ്രോസിക്യൂട്ടറുമായ മൗറീൻ കോമിയെ ട്രംപ് ഭരണകൂടം കഴിഞ്ഞ വർഷം പുറത്താക്കിയത് നിയമവിരുദ്ധമാണെന്ന് മാൻഹട്ടൻ ഫെഡറൽ കോടതി തിങ്കളാഴ്ച വിധിച്ചു.

ജെഫ്രി എപ്സ്റ്റീൻ, സീൻ കോംബ്സ് തുടങ്ങിയ പ്രമുഖരുടെ വിചാരണകൾ കൈകാര്യം ചെയ്തിരുന്ന പ്രമുഖ പ്രോസിക്യൂട്ടറായിരുന്നു മൗറീൻ കോമി. ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് അധികാരം ദുർവിനിയോഗം ചെയ്തുവെന്നും, ഫെഡറൽ അഡ്മിനിസ്ട്രേറ്റീവ് നിയമങ്ങളും മൗറീൻ കോമിയുടെ അവകാശങ്ങളും ലംഘിച്ചുവെന്നും ഫെഡറൽ ഡിസ്ട്രിക്റ്റ് കോടതി ജഡ്ജി ജെസ്സേ എം.ഫർമാൻ 55 പേജുള്ള വിധിന്യായത്തിൽ വ്യക്തമാക്കി.


2025 ജൂലൈയിലാണ് മൗറീൻ കോമിയെ ട്രംപ് ഭരണകൂടം കാരണം വ്യക്തമാക്കാതെ പുറത്താക്കിയത്. പിതാവ് ജെയിംസ് കോമി ട്രംപിന്റെ കടുത്ത വിമർശകനായതുകൊണ്ടാണ് തനിക്കെതിരെ നടപടിയെടുത്തതെന്ന് മൗറീൻ കോമി കോടതിയിൽ ചൂണ്ടിക്കാണിച്ചിരുന്നു.

പ്രസിഡന്റിന്റെ അധികാരപരിധിയുടെ അടിസ്ഥാനത്തിൽ അന്നത്തെ അറ്റോർണി ജനറൽ പാം ബോണ്ടിക്ക് മൗറീൻ കോമിയെ പുറത്താക്കാൻ അധികാരമുണ്ടെന്നായിരുന്നു ജസ്റ്റിസ് ഡിപ്പാർട്ട്മെന്റിന്റെ വാദം. എന്നാൽ ഇത് ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് എതിരാണെന്ന് ജഡ്ജി തള്ളി.

സാംസ്കാരികം

അമേരിക്കൻ മലയാളിയുടെ സമഗ്ര വാർത്ത പത്രിക
ടൈംസ് ഓഫ് അമേരിക്കൻ മലയാളി ഡോട്ട് കോം
പി. ഡി. എഫ് ഫയലിനോടൊപ്പം
പ്രതിമാസ സാംസ്കാരിക മാസിക
സാഹിത്യ സാംസ്കാരികതയുടെ പ്രതിഫലനം
www.timesofamericanmalayali.com

ഈ ലക്കത്തിൽ
സാഹിത്യം സംസ്കാരം തുടങ്ങിയ പതിവു പംക്തികൾ



ചെറുവയൽ രാമൻ വിത്തിന്റെ കാവലാൾ
ജോർജ് തഴക്കര



അഴീക്കോട് എന്ന വിചാരശില്പി
ഡോ.പോൾ മണലിൽ



അനുപമ കൃഷ്ണൻ ഫോമാ വിമൻസ് ഫോറം ചെയർപേഴ്സൺ

- സൈജൻ കണിയോടിക്കൽ



ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് 2026-2028 കാലയളവിലെ വിമൻസ് ഫോറം ചെയർ പേഴ്സണായി അനുപമ കൃഷ്ണൻ ചുമതലയേറ്റു. സംഘടനാ പ്രവർത്തന രംഗത്തെ ദീർഘകാല പരിചയവും വിവിധ തലങ്ങളിലെ നേതൃത്വപാടവവും കണക്കിലെടുത്താണ് അനുപമയ്ക്ക് പുതിയ ചുമതല ലഭിച്ചത്.

ഫോമാ ഗ്രേറ്റ് ലേക്സ് റീജിയൻ വിമൻസ് ഫോറം ചെയർപേഴ്സണായി പ്രവർത്തിച്ചിട്ടുള്ള അനുപമ കൃഷ്ണൻ, കേരള അസോസിയേഷൻ ഓഫ് ഒഹായോയുടെ വൈസ് പ്രസിഡന്റായും പിന്നീട് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2024-2026 കാലയളവിൽ ഫോമാ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ജോയിന്റ് ട്രഷററായും പ്രവർത്തിച്ചു.

ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി. ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡന്റ് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ. മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ എന്നിവരുടെ നേതൃത്വത്തിലുള്ള ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിക്കൊപ്പമാണ് അനുപമ കൃഷ്ണൻ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

വടക്കേ അമേരിക്കയിലെ മലയാളി വനിതകളെ കൂടുതൽ ശക്തമായി സംഘടനാ പ്രവർത്തനങ്ങളിലേക്ക് കൊണ്ടുവരിക, വനിതാ നേതൃത്വത്തെ പ്രോത്സാഹിപ്പിക്കുക, സാമൂഹിക സാംസ്കാരിക മേഖലകളിൽ വനിതകളുടെ പങ്കാളിത്തം കൂടുതൽ സജീവമാക്കുക എന്നിവയ്ക്ക് മുൻഗണന നൽകി വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനാണ് ലക്ഷ്യമിടുന്നത്.

വിവിധ സംഘടനാ തലങ്ങളിൽ നേടിയ അനുഭവസമ്പത്തും നേതൃത്വ മികവും ഫോമാ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുമെന്നാണ് വിലയിരുത്തൽ. പുതിയ ദേശീയ നേതൃത്വത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തമായ പിന്തുണ നൽകുന്നതിനൊപ്പം അമേരിക്കൻ മലയാളി വനിതകൾക്ക് കൂടുതൽ അവസരങ്ങളും വേദികളും ഒരുക്കുന്നതിലും വിമൻസ് ഫോറം ശ്രദ്ധ കേന്ദ്രീകരിക്കും.

അനുപമ കൃഷ്ണന്റെ നിയമനം ഫോമാ വനിതാ നേതൃത്വത്തിന് കൂടുതൽ കരുത്തേകുന്നതോടൊപ്പം ഗ്രേറ്റ് ലേക്സ് റീജിയനും കേരള അസോസിയേഷൻ ഓഫ് ഒഹായോയ്ക്കും അഭിമാനകരമായ നേട്ടമായാണ് വിലയിരുത്തപ്പെടുന്നത്.

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ 10ാം വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു



- പി പി ചെറിയാൻ

ഡാളസ് /കൊച്ചി: കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ (കെആർസിസി) 10ാം വാർഷികാഘോഷം മുഖ്യമന്ത്രി വി.ഡി. സതീശൻ ചടങ്ങിന്റെ ഉദ്ഘാടനവും സുവനീർ പ്രകാശനവും നിർവ്വഹിച്ചു

ആരോഗ്യ വകുപ്പ് മന്ത്രി കെ.മുരളീധരൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഫിഷറീസ് വകുപ്പ് മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ മുഖ്യാതിഥിയായി പങ്കെടുത്തു. മത്സ്യത്തൊഴിലാളികൾക്കായുള്ള വായയിലെ കാൻസർ പരിശോധന പരിപാടിയുടെ പ്രഖ്യാപനം ഫിഷറീസ് മന്ത്രി നിർവ്വഹിച്ചു.

2016 നവംബർ 1ന് ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനമാണ് കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ. കഴിഞ്ഞ 10 വർഷത്തെ സേവന പ്രവർത്തനങ്ങളെ അനുസ്മരിക്കുന്നതിനും കാൻസർ ചികിത്സാ ഗവേഷണ മേഖലയിൽ ഭാവിയിലേക്ക് ആവശ്യമായ പുതിയ ദിശാബോധം നൽകുന്നതിനുമായാണ് ഈ വാർഷികാഘോഷം സംഘടിപ്പിച്ചത്.

ഡോ.പി. ജി. ബാലഗോപാൽ (ഡയറക്ടർ,) സ്വാഗതം പറഞ്ഞു. ഡോ. എം.വി.പിള്ള (അഡൈസറി ബോർഡ് ചെയർമാൻ) മുഖ്യപ്രഭാഷണം നടത്തി. ഡോ.നീതു ജോർജ് (മെഡിക്കൽ സൂപ്രണ്ട് ഇൻ ചാർജ്ജ്)റിപ്പോർട്ട് അവതരിപ്പിച്ചു. ഡോ.തമീം എ കൃതജ്ഞത പറഞ്ഞു.

ഹൈബി ഈഡൻ എം.പി, ഹാരിസ് ബീരാൻ എം.പി, എം.എൽ.എമാരായ ടോണി ചമ്മിണി, ടി. ജെ. വിനോദ്, മുഹമ്മദ് ഷിയാസ് തുടങ്ങിയവരും ചടങ്ങിൽ വിശിഷ്ട സാന്നിധ്യമായിരുന്നു. എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ.എ.എസ്, കളമശ്ശേരി നഗരസഭ ചെയർമാൻ ജമാൽ മണക്കാടൻ, ആരോഗ്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ അഞ്ചു മനോജ് മണി, വാർഡ് കൗൺസിലർ ബാബുരാജ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

കാൻസർ രോഗികൾക്ക് സമഗ്രവും ആധുനികവുമായ ചികിത്സയും മികച്ച പരിചരണവും ഉറപ്പാക്കുന്നതിനൊപ്പം ഗവേഷണ സൗകര്യങ്ങൾ കൂടുതൽ വികസിപ്പിക്കാനും ലക്ഷ്യമിട്ടാണ് സിസിആർസി പ്രവർത്തിക്കുന്നത്.

സെലിബ്രേഷൻ ചർച്ചിന്റെ പുതിയ സീനിയർ പാസ്റ്ററായി പാസ്റ്റർ സാംസൺ സാബു നിയമിതനായി

- കുര്യൻ ഫിലിപ്പ്



ചിക്കാഗോ: ചിക്കാഗോയിലെ ആദ്യകാല മലയാളി പെന്തക്കോസ്ത് സഭകളിലൊന്നായ സെലിബ്രേഷൻ ചർച്ചിന്റെ (മുൻ ഐസിഎജി) പുതിയ സീനിയർ പാസ്റ്ററായി പാസ്റ്റർ സാംസൺ സാബു നിയമിതനായി. സഭയിൽ ലീഡ് പാസ്റ്ററായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം.

കഴിഞ്ഞ 49 വർഷമായി സഭയുടെ സീനിയർ പാസ്റ്ററായി നേതൃത്വം നൽകിയിരുന്ന പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ പാസ്റ്റർ എമിരിറ്റസ് എന്ന പദവിയിലേക്ക് മാറി.

നിയമനവുമായി ബന്ധപ്പെട്ട ഔദ്യോഗിക നടപടികൾക്ക് സഭയുടെ അഡ്മിനിസ്ട്രേറ്റീവ് ബോർഡും അസംബ്ലീസ് ഓഫ് ഗോഡ് ചിക്കാഗോ റീജിയൻ അസിസ്റ്റന്റ് സൂപ്രണ്ട് പാസ്റ്റർ റോൺ ഹെയ്റ്റ് മാനും നേതൃത്വം നൽകി. പാസ്റ്റർ സാംസൺ സാബുവിന്റെ പിതാവ് പാസ്റ്റർ സാബു ഔസേപ്പും സഹോദരൻ പാസ്റ്റർ ജസ്റ്റിൻ സാബുവും വിവിധ ശുശ്രൂഷകളിൽ പങ്കുചേർന്നു. അസംബ്ലീസ് ഓഫ് ഗോഡ് പ്രസ്ബിറ്റർ പാസ്റ്റർ ജോസ് ഫിഗോരിയ ദൈവവചനം ശുശ്രൂഷിച്ചു.

സഭാ സെക്രട്ടറി ബെഞ്ചമിൻ ജോൺ യോഗനടപടികൾക്ക് നേതൃത്വം നൽകി. സഭയുടെ പാസ്റ്ററൽ ടീം അംഗങ്ങളായ ഡോ. അലക്സ് കോശി, പാസ്റ്റർ ചെറിയാൻ

▶ 3

ഡാലസിൽ സംഘടിപ്പിച്ച കാൻസർ ബോധവൽക്കരണ വാക്കത്തോൺ വൻ വിജയമായി



- പി. പി ചെറിയാൻ

ഡാളസ്: കേരള അസോസിയേഷൻ ഓഫ് ഡാളസിന്റെയും ഇന്റർനാഷണൽ കാൻസർ കെയർ നെറ്റ്വർക്കിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കാൻസർ ബോധവൽക്കരണ വാക്കത്തോൺ വൻ വിജയമായി. ഒക്ടോബർ 31 ശനിയാഴ്ച ദി കോളനിയിലെ സ്റ്റുവർട്ട് ക്രീക്ക് പാർക്കിൽ നടന്ന ചടങ്ങിൽ നിരവധ ആളുകളാണ് പങ്കെടുത്തത്.

കാൻസറിനെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും രോഗബാധിതർക്ക് പിന്തുണ നൽകുന്നതിനുമാണ് ഈ പരിപാടി സംഘടിപ്പിച്ചതെന്നു പ്രസിഡന്റ് ഷിജു എബ്രഹാം പരിപാടി ഉദ്ഘാടനം ചെയ്തു നടത്തിയ പ്രസംഗത്തിൽ പറഞ്ഞു .പരിപാടിയിൽ സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ളവർ പങ്കാളികളായി.

വാക്കത്തോണിന്റെ വിജയത്തിനായി പ്രവർത്തിച്ച സംഘാടകർ, സന്നദ്ധപ്രവർത്തകർ, സ്പോൺസർമാർ, പങ്കെടുത്ത പ്രവാസി സമൂഹം എന്നിവർക്ക് ജിജി സ്കറിയാ നന്ദി അറിയിച്ചു. പങ്കെടുത്തവരുടെ സാന്നിധ്യവും പിന്തുണയും കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വലിയ കരുത്തുപകരുമെന്ന് സംഘാടകർ വ്യക്തമാക്കി.

1st November- **World Vegan Day**

Every year on November 1st, World Vegan Day is observed to raise awareness about the benefits of a vegan diet and veganism in general. The first Vegan Day was held on November 1, 2023, to commemorate the UK Vegan Society's 51st anniversary.

മിഡ്ടേം തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യണമെന്ന് അമേരിക്കൻ മലയാളി സമൂഹത്തോട് ഫോമാ ദേശീയ നേതൃത്വത്തിന്റെ സംയുക്ത ആഹ്വാനം



- സൈജൻ കണിയോടിക്കൽ

ന്യൂയോർക്ക്: അമേരിക്കയിലുടനീളമുള്ള മലയാളി സമൂഹം വരാനിരിക്കുന്ന 2026 മിഡ്ടേം തിരഞ്ഞെടുപ്പിൽ സജീവമായി പങ്കെടുക്കണമെന്നും വോട്ടവകാശമുള്ള ഓരോ വ്യക്തിയും തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കണമെന്നും ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമ) ദേശീയ നേതൃത്വം സംയുക്ത പ്രസ്താവനയിലൂടെ ആഹ്വാനം ചെയ്തു.

ജനാധിപത്യ പ്രക്രിയയിൽ അമേരിക്കൻ മലയാളി സമൂഹത്തിന്റെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും പൗരന്മാർ എന്ന നിലയിലുള്ള ഉത്തരവാദിത്തം ഉയർത്തിപ്പിടിക്കുന്നതിനും ഓരോ വോട്ടറും മുന്നോട്ടുവരണമെന്ന് ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ, ജനറൽ സെക്രട്ടറി പോൾ പി.ജോസ്, ട്രഷറർ പ്രദീപ് നായർ, വൈസ് പ്രസിഡന്റ് സാമുവൽ മത്തായി, ജോയിന്റ് സെക്രട്ടറി ഡോ.മഞ്ജു പിള്ള, ജോയിന്റ് ട്രഷറർ ജോൺസൺ കണ്ണുക്കാടൻ എന്നിവർ സംയുക്ത പ്രസ്താവനയിൽ അഭ്യർഥിച്ചു.

അമേരിക്കൻ സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മലയാളികൾ ജനാധിപത്യ പ്രക്രിയയിലും സജീവമായി ഇടപെടേണ്ടത് അനിവാര്യമാണെന്ന് ഫോമാ നേതൃത്വം ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസം, ആരോഗ്യം, ബിസിനസ്, സാങ്കേതികവിദ്യ, സാമൂഹിക സേവനം, സാംസ്കാരിക പ്രവർത്തനം തുടങ്ങി വിവിധ മേഖലകളിൽ സാന്നിധ്യമറിയിക്കുന്ന മലയാളി സമൂഹം തിരഞ്ഞെടുപ്പുകളിലും തങ്ങളുടെ പൗര ഉത്തരവാദിത്തം നിറവേറ്റണം.

ജനപ്രതിനിധികൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾ വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹത്തിന്റെയും ജീവിതത്തെ സ്വാധീനിക്കുന്നതിനാൽ, വോട്ടവകാശത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് തിരഞ്ഞെടുപ്പിൽ പങ്കാളികളാകണമെന്ന് നേതൃത്വത്തിനുവേണ്ടി ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ അഭ്യർഥിച്ചു.

സെലിബ്രേഷൻ ചർച്ചിന്റെ പുതിയ സീനിയർ പാസ്റ്ററായി പാസ്റ്റർ സാംസൺ സാബു ....

തോമസ് എന്നിവരും ഡിക്കന്മാരായ വർഗീസ് സാമുവൽ, ജോസഫ് ഡാനിയേൽ, ജോൺ വർഗീസ്, സജി ഫിലിപ്പ്, ഡോ. വർഗീസ് മത്തായി, ലീസ് കാര്യാടിയിൽ എന്നിവരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. നിരവധി വിശ്വാസികൾ ചടങ്ങിൽ പങ്കെടുത്തു. കെവിൻ ജോസഫ് കൃതജ്ഞത രേഖപ്പെടുത്തി.

1975ൽ പാസ്റ്റർ കെ. എ. എബ്രഹാം സ്ഥാപിച്ച ഇന്റർനാഷണൽ ക്രിസ്ത്യൻ അസംബ്ലീസ് ഓഫ് ഗോഡ് (ഐസിഎജി) എന്ന സഭയാണ് പിന്നീട് സെലിബ്രേഷൻ ചർച്ച് എന്ന പേരിൽ അറിയപ്പെട്ടത്. സഭയുടെ ചരിത്രത്തിലെ മൂന്നാമത്തെ സീനിയർ പാസ്റ്ററായാണ് പാസ്റ്റർ സാംസൺ സാബു ചുമതലയേൽക്കുന്നത്.പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ, ഭാര്യ ജോയ്സ്, പാസ്റ്റർ സാംസൺ സാബു, ഭാര്യ സോഫിയ എന്നിവർ പങ്കെടുത്തു. അരനൂറ്റാണ്ടോളം സഭയെ നയിച്ച പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസന്റെ അനുഭവസമ്പത്തും നേതൃത്വവും തുടർന്നും സഭയ്ക്കും ചിക്കാഗോയിലെ വിശ്വാസസമൂഹത്തിനും പ്രയോജനപ്പെടുമെന്ന് സഭാ നേതൃത്വം അറിയിച്ചു. ഈ വർഷം ചിക്കാഗോയിൽ നടന്ന നാല്പതാമത് പിസിനാക് കോൺഫറൻസിന്റെ നാഷണൽ കൺവീനറായും പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ സേവനമനുഷ്ഠിച്ചിരുന്നു.

1st November- **All Saints' Day Find Therapists**

Every year on November 1st, All Saints Day is observed to honour all the saints. It is regarded as an opportunity for Christians to remember all saints and martyrs, known and unknown, throughout Christian history. All Saints' Day is also referred to as All Hallows' Day or Hallowmas.

2nd November- **All Souls' Day**

All Souls' Day is observed on November 2nd to honour the souls who have passed away. In Roman Catholicism, November 2nd commemorates all faithfully departed souls who are believed to be in purgatory because they died with the guilt of lesser sins on their souls.

നേട്ടങ്ങളുടെ നെറുകയിൽ ആദരവിന്റെ പൊൻകീരീടവുമായി കേരള സെന്റർ 2026ലെ അവാർഡുകൾ സമ്മാനിച്ചു



- ജോസ് കാടാപുറം

ന്യൂയോർക്ക്: കേരള സെന്ററിന്റെ 34-ാമത് അവാർഡ് ദാന ചടങ്ങ് നടന്നു. എൽമണ്ടിലെ സെന്റർ ആസ്ഥാനത്തായിരുന്നു അവാർഡ്ദാന ചടങ്ങ്. വിവിധ മേഖലകളിൽ പ്രതിഭ തെളിയിച്ചവരും സമൂഹ നന്മക്ക് വേണ്ടി പ്രവർത്തിക്കുന്നവരുമായ ഒമ്പത് വ്യക്തികളെയാണ് അവാർഡ് നൽകി ആദരിച്ചത്.

ലെജിസ്ലേറ്റർ ആനന്ത് നമ്പ്യാർ രാഷ്ട്രീയ നേതൃത്വം (മുഖ്യപ്രഭാഷകൻ), ഡോ.ജോ വർഗീസ് (വൈദ്യ ശാസ്ത്രം), ഡോ.ബിന എസ്. പീറ്റേഴ്സ് (നഴ്സിംഗ് നേതൃത്വം), ഡോ.ഗിരീഷ് കുമാർ പണിക്കർ (അപ്ലൈഡ് സയൻസ്), ടി.എസ്.നന്ദകുമാർ(പെർഫോമിംഗ് ആർട്സ്), സിബി ഡേവിഡ് (കമ്മ്യൂണിറ്റി സർവീസ്), പ്രിൻസ് ജോൺസൺ (വിദ്യാഭ്യാസം), ജോസ് ചെരിപുറം (പ്രവാസി മലയാള സാഹിത്യം), ഇൻസ്പെക്ടർ ഷിബു മധു (ഗവൺമെന്റ് ആന്റ് പബ്ലിക് സർവീസ്) എന്നിവർക്കാണ് അവാർഡ് ലഭിച്ചത്.

കേരള സെന്റർ ബോർഡ് മെമ്പറും പ്രോഗ്രാം ചെയർമാനുമായ ജെസ്മിൻ സാമുവലിന്റെ ആമുഖ പ്രസംഗത്തോടെ പുരസ്കാര ചടങ്ങിന് തിരശ്ശീല ഉയർന്നു. ഡെയ്സി സ്റ്റീഫൻ പള്ളിപറമ്പിൽ ആയിരുന്നു എം.സി. ബെയ്ലി സ്റ്റീഫൻ അമേരിക്കൻ ദേശീയ ഗാനവും ബിൻസി ചെറിയാൻ ഇന്ത്യൻ ദേശീയ ഗാനവും ആലപിച്ചു. പ്രസിഡന്റ് അലക്സ് കെ.എസ്തപ്പാൻ സെന്ററിന്റെ പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും വിവരിച്ചുകൊണ്ട് സ്വാഗതം പറഞ്ഞു. നാസോ കൗണ്ടി ലെജിസ്ലേറ്റർ കാരിയെ സൊളേജസ്, മുൻ സെനറ്റർ കെവിൻ തോമസ് എന്നിവർ ആശംസകൾ അർപ്പിക്കാനും അവാർഡുകൾ സമ്മാനിക്കാനും സന്നിഹിതരായിരുന്നു.

ട്രസ്റ്റി ബോർഡ് ചെയർമാനും അവാർഡ് കമ്മിറ്റി അംഗവുമായ ഡോ.തോമസ് എബ്രഹാം കേരള സെന്ററിന്റെ പ്രവർത്തനങ്ങളും ചരിത്രവും വിവരിച്ചു. ഡയറക്ടർ ബോർഡിന്റെയും അവാർഡ് കമ്മിറ്റിയുടെയും ചെയർമാൻ ഡോ.മധു ഭാസ്കരൻ അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ വിവരിച്ച് സംസാരിക്കുകയും മുഖ്യപ്രഭാഷകനും രാഷ്ട്രീയ നേതൃത്വത്തിനുള്ള അവാർഡ് ജേതാവുമായ വെസ്റ്റ് ചെസ്റ്റർ കൗണ്ടി ലെജിസ്ലേറ്റർ ആനന്ത് നമ്പ്യാരെ പരിചയപ്പെടുത്തി. അദ്ദേഹം കൗണ്ടിയിലെ ആദ്യത്തെ ദക്ഷിണേന്ത്യൻ അമേരിക്കനും ഹിന്ദുമത വിശ്വാസിയുമായ അംഗമാണ്. ലെജിസ്ലേറ്റർ നമ്പ്യാർ തന്റെ പ്രസംഗത്തിൽ ഇന്ത്യൻ അമേരിക്കൻ സമൂഹം ഇവിടത്തെ രാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ കൂടുതൽ ഭാഗഭാക്കാകണമെന്നും അമേരിക്കയെ ഒരു എ.ടി.എം. മെഷീനായി മാത്രം കാണരുതെന്നും ഉത്ബോധിപ്പിച്ചു. കേരള സെന്റർ ഗ്രാൻഡ് പേട്രനും ട്രസ്റ്റി ബോർഡ് മെംബറും ആയ വർക്കി എബ്രഹാം അവാർഡ് സമ്മാനിച്ചു.

വൈദ്യശാസ്ത്ര നേട്ടത്തിനുള്ള അവാർഡ് ലഭിച്ച ഡോ.ജോ. വർഗ്ഗീസ് സ്റ്റേണി ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽ ന്യൂറോളജി വിഭാഗത്തിലെ ചെയർമാനും ഡിസ്റ്റിംഗ്വിഷ്ഡ് യൂണിവേഴ്സിറ്റി പ്രൊഫസറുമാണ്. അമേരിക്കൻ മലയാളികൾക്കിടയിൽ കുടിയേറ്റംകൊണ്ട് കോഗ്നിഷനിൽ ഉണ്ടാകുന്ന വ്യതിയാനങ്ങളെ പരിശോധിക്കുന്ന എൻ.ഐ.എച്ച് ധനസഹായത്തോടെയുള്ള ഗവേഷണം അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. കേരള സെന്റർ യൂത്ത് ഫോറം ട്രഷറർ ജോയൽ തോമസ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ട്രസ്റ്റീ ബോർഡ് ചെയർമാൻ ഡോ.തോമസ് എബ്രഹാം അവാർഡ് സമ്മാനിച്ചു.

നഴ്സിംഗ് നേതൃത്വത്തിന് അവാർഡ് ലഭിച്ച ഡോ.ബിന പീറ്റേഴ്സ് യു.എസ്.എ.യിലെ മൂന്നാമത്തെ വലിയ പൊതുജനാരോഗ്യ സംവിധാനമായ കുക്ക് കൗണ്ടി (ചിക്കാഗോ) ഹെൽത്തിലെ സിസ്റ്റം ചീഫ് നഴ്സിംഗ് എക്സിക്യൂട്ടീവ് ആയിരുന്നു. ആരോഗ്യ സാങ്കേതിക കമ്പനിയായ എച്ച്ആർഡിഎൽവൈ ഇൻകോർപ്പറേറ്റഡിന്റെ സഹസ്ഥാപകയും ഇപ്പോൾ ചീഫ് ക്ലിനിക്കൽ ഓഫീസറുമാണ്. കേരള സെന്റർ അവാർഡ് കമ്മിറ്റി മെമ്പർ ഡോ.മേരിലിൻ ജോർജ് പരിചയപ്പെടുത്തി. കേരള സെന്റർ ബോർഡ് ചെയർമാൻ ഡോ.മധു ഭാസ്കരൻ അവാർഡ് സമ്മാനിച്ചു.

അപ്ലൈഡ് സയൻസിൽ അവാർഡ് ലഭിച്ച ഡോ.ഗിരീഷ് കുമാർ പണിക്കർ ഹോർട്ടികൾച്ചറൽ വിളകളെക്കുറിച്ചുള്ള സിഫാകൂർ (കവർ ആൻഡ് മാനേജ്മെന്റ്) ഗവേഷണത്തിൽ പ്രാവീണ്യമുള്ള അന്താരാഷ്ട്രതലത്തിൽ പ്രശസ്തനായ കാർഷിക ശാസ്ത്രജ്ഞനാണ്. മിസിസിപ്പിയിലെ ആൽകോൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ പ്ലാന്റ് ആൻഡ് സോയിൽ സയൻസസിൽ പ്രൊഫസറും യു.എസ്ഡിഎ കൺസർവേഷൻ റിസർച്ച് സെന്ററിന്റെ ഡയറക്ടറുമാണ്. കേരള സെന്ററിന്റെ മുൻ അവാർഡിയായ ജോഹരത്ത് കുട്ടി അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ട്രസ്റ്റീ ബോർഡ് മെമ്പർ ഡോ.ഉണ്ണി മൂപ്പൻ അവാർഡ് സമ്മാനിച്ചു.

പെർഫോമിംഗ് ആർട്സിൽ അവാർഡ് ലഭിച്ച ടി. എസ്. നന്ദകുമാർ ഇന്ത്യൻ രാഷ്ട്രപതിയിൽ നിന്ന് സംഗീതനാടക അക്കാദമി അവാർഡും മറ്റ് നിരവധി ബഹുമതികളും നേടിയിട്ടുള്ള വ്യക്തിയാണ്. ബോംബെ നന്ദകുമാർ എന്നും അറിയപ്പെടുന്ന ടി.എസ്.എൻ. അന്താരാഷ്ട്രതലത്തിൽ പ്രശംസ നേടിയ മൃദംഗ വിദഗ്ധൻ, അധ്യാപകൻ, സംഗീതസംവിധായകൻ, എഴുത്തുകാരൻ, ഇന്ത്യൻ ക്ലാസിക്കൽ സംഗീതത്തിന്റെ സാംസ്കാരിക അംബാസഡർ എന്നീനിലകളിൽ പ്രവർത്തിക്കുന്നു. 1998ൽ ബോംബെയിൽ സ്ഥാപിതമായതും പിന്നീട് അമേരിക്കയിലെ ന്യൂജേഴ്സിയിൽ ഇൻകോർപ്പറേറ്റ് ചെയ്തതുമായ ടി.എസ്.എന്നിന്റെ പെർക്കസീസ് ആർട്സ് സെന്ററിന്റെ (ടിഎസ്എൻപിഎസി) സ്ഥാപകനാണ്. കേരള സെന്റർ മെമ്പർ ഷൈനു ഗീവർഗീസ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ എബ്രഹാം ഫിലിപ്പ് അവാർഡ് സമ്മാനിച്ചു.

കമ്മ്യൂണിറ്റി സേവനത്തിന് അവാർഡ് ലഭിച്ച സിബി ഡേവിഡ് നാല് പതിറ്റാണ്ടുകളായി പൊതുസേവനം, കേരളീയ കലകൾ, സംസ്കാരം, മാനവിക സംരംഭങ്ങൾ, കമ്മ്യൂണിറ്റി നേതൃത്വം എന്നിവയിൽ സ്വയം സമർപ്പിച്ചിരിക്കുന്ന വ്യക്തിയാണ്. കേരള സെന്റർ യൂത്ത് ഫോറം സെക്രട്ടറി സാമുവൽ ജോസഫ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ബോർഡ് മെമ്പറും കൈരളി ടിവി യൂ എസ്.എ. സാരഥിയുമായ ജോസഫ് കാടാപ്പുറം മുൻ ന്യൂയോർക്ക് സെനറ്റർ

▶ 7

ഫൊക്കാനയുടെ ആർട്സ് ആൻഡ് കൾച്ചറൽ ഫോറം പ്രവർത്തനമാരംഭിച്ചു

- ജിജി റ്റോം, ഫൊക്കാന പി. ആർ. ഓ





ന്യൂയോർക്ക്: ഫൊക്കാനയുടെ നാഷണൽ കമ്മിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന പതിനഞ്ചു സബ് കമ്മിറ്റികളിൽ ഒന്നായ ആർട്സ് ആൻഡ് കൾച്ചറൽ ഫോറം നിലവിൽ വന്നതായി ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ് അറിയിച്ചു.

പെൻസിൽവാനിയായിൽ നിന്നുള്ള മിലി ഫിലിപ്പ് ആണ് കമ്മിറ്റിയുടെ ചെയർപേഴ്സൺ. നാഷണൽ കമ്മിറ്റിയിൽ നിന്നുള്ള സുഷ്മ പ്രവീൺ, ആന്റണി മാത്യു എന്നിവർ അംഗങ്ങളായും, എക്സിക്യൂട്ടീവ് നിന്നുള്ള അജു ഉമ്മൻ അഡൈസറായും പ്രവർത്തിക്കും

ഒന്നാം വർഷം പ്രാദേശിക യുവജനോത്സവങ്ങളുടെ ഘടനയ്ക്ക് രൂപം നൽകുക, ദേശീയ കൺവെൻഷൻ മത്സരം ആരംഭിക്കുക, ഹ്രസ്വചലച്ചിത്ര മത്സരം, സാംസ്കാരിക പൈതൃക ശിൽപ്പശാലകൾ എന്നിവയ്ക്ക് തുടക്കം കുറിക്കുക എന്നീ ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. 2027 മെയ് മാസത്തിന്റെ അവസാനത്തിലും ജൂൺ മാസത്തിലുമായി എല്ലാ മേഖലകളിലും യുവജനോത്സവങ്ങൾ സംഘടിപ്പിക്കുന്നതാണ്. എല്ലാ മേഖലകളിലെയും ഞാഢജമാർ നിശ്ചിത സമയത്തിനുള്ളിൽ യുവജനോത്സവങ്ങൾ സംഘടിപ്പിക്കണമെന്ന് അഭ്യർഥിക്കുന്നു. കേരളത്തിലെ യുവജനോത്സവത്തിന്റെ മാതൃകയിൽ അമേരിക്കയിൽ ഒരു യുവജനോത്സവം സംഘടിപ്പിക്കുന്നത് ഏറെ പ്രാധാന്യമുള്ള കാര്യമാണ്. കാരണം, ഇത്തരം ഒരു ഉത്സവം കേവലം മത്സരങ്ങൾക്കു മാത്രമുള്ള വേദിയല്ല. യുവപ്രതിഭകളെ കണ്ടെത്താനും അവരുടെ ആത്മവിശ്വാസം വളർത്താനും സൗഹൃദങ്ങൾ സൃഷ്ടിക്കാനും സർഗാത്മകതയെ പ്രോത്സാഹിപ്പിക്കാനും നമ്മുടെ യുവതലമുറയ്ക്ക് സ്വന്തം പൈതൃകം അടുത്തറിയാനും അതിനെ ആഘോഷിക്കാനും അവസരം നൽകുന്ന വേദിയാണിത്.

കഴിഞ്ഞകാലത്ത് നമ്മുടെ സംസ്കാരം എങ്ങനെയായിരുന്നോ അതേപടി സംരക്ഷിക്കുക എന്നതിൽ മാത്രം നമ്മുടെ ലക്ഷ്യം ഒതുങ്ങരുത്. നമ്മുടെ യുവതലമുറയ്ക്ക് ആ സംസ്കാരം പഠിക്കാനും ഉൾക്കൊള്ളാനും സ്വന്തം സർഗാത്മകതയിലൂടെ പുതുമയോടെ മുന്നോട്ടുകൊണ്ടു പോകാനും അവസരമൊരുക്കണം എന്ന് ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ പറഞ്ഞു. ഇതിലൂടെ നമുക്ക് നമ്മുടെ പൈതൃകം സംരക്ഷിക്കാം, യുവതലമുറയെ ശാക്തീകരിക്കാം, കേരളത്തിന്റെ കലാസാംസ്കാരിക സമ്പന്നത അടുത്ത തലമുറയിലേക്ക് പകർന്നുനൽകാം.

ഇതിനോടൊപ്പം വളരെ സന്തോഷകരമായ ഒരു പ്രത്യേക വാർത്ത കൂടി അറിയിക്കുകയാണ്. ഫൊക്കാനയുടെ ആർട്സ് ആൻഡ് കൾച്ചറൽ ഫോറത്തിന്റെ അംബാസഡറായി പ്രവർത്തിക്കാൻ ബഹുമാനപ്പെട്ട സാംസ്കാരിക ടൂറിസം വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് സമ്മതം അറിയിച്ചിട്ടുണ്ട്. പ്രശസ്ത ചലച്ചിത്ര സംവിധായകൻ സിബി മലയിലും മറ്റ് പ്രമുഖ വ്യക്തിത്വങ്ങളും ഈ കമ്മിറ്റിയുടെ ഉപദേശകരായി പ്രവർത്തിക്കുന്നതാണ്.

ദേശീയതലത്തിൽ കലാപ്രതിഭ, കലാതിലകം എന്നീ പുരസ്കാരങ്ങൾ ഏർപ്പെടുത്തുകയും വിജയികളായ പ്രതിഭകളെ മലയാള ചലച്ചിത്രമേഖലയിലെ പ്രമുഖ സംവിധായകർക്ക് പരിചയപ്പെടുത്തുകയും ചെയ്യുന്നതാണ് ലക്ഷ്യങ്ങളിലൊന്ന്.

ചെയർപേഴ്സൺ ആയി പ്രവർത്തിക്കുന്ന മില്ലി ഫിലിപ്പ് പെൻസിൽവാനിയയിലെ സ്പെഷ്യൽ എജ്യുക്കേഷൻ വിഭാഗത്തിൽ ലേണിംഗ് സപ്പോർട്ട് ടീച്ചറായി സേവനമനുഷ്ഠിക്കുന്നു.

ഫൊക്കാനയുടെ മുൻ അസോസിയേറ്റ് ട്രഷററായിരുന്ന മില്ലി, ഇൻഡോ അമേരിക്കൻ പ്രസ് ക്ലബ്ബിന്റെ ഡയറക്ടർ ബോർഡ് അംഗമായും പ്രവർത്തിക്കുന്നു. കൂടാതെ, മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലഡൽഫിയയുടെ വനിതാ ഫോറം ചെയർപേഴ്സൺ, ഡബ്ല്യുഎംസി പെൻസിൽവാനിയ പ്രോവിൻസിന്റെ വനിതാ ഫോറം ചെയർ പേഴ്സൺ തുടങ്ങി വിവിധ ഉത്തരവാദിത്വങ്ങളും വഹിച്ചിട്ടുണ്ട്. ▶ 5

മലങ്കര മാർത്തോമ്മാ സുറിയാനി സഭയും കൊളംബിയ തിയോളജിക്കൽ സെമിനാരിയും ധാരണാപത്രത്തിൽ ഒപ്പുവച്ചു



- പി. പി ചെറിയാൻ

ജോർജിയ: മലങ്കര മാർത്തോമ്മാ സുറിയാനി സഭയും കൊളംബിയ തിയോളജിക്കൽ സെമിനാരിയും ചേർന്ന് വടക്കേ അമേരിക്കൻ ഭദ്രാസനത്തിലെ യുവതലമുറയ്ക്ക് ദൈവശാസ്ത്ര പഠനത്തിനും പരിശീലനത്തിനും കൂടുതൽ അവസരങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തോടെ അറ്റ്ലാന്റയിലെ കാർമൽ മാർത്തോമ്മാ സെന്ററിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു.

മലങ്കര മാർത്തോമ്മാ സുറിയാനി സഭയെ പ്രതിനിധീകരിച്ച് റൈറ്റ് റവ. ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പയും കൊളംബിയ തിയോളജിക്കൽ സെമിനാരിയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ആൻഡ് പ്രൊഫസർ ഓഫ് പ്രാക്ടിക്കൽ തിയോളജി റവ.ഡോ.വികൂർ അലോയോയുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്

ധാരണാപത്രം ഒപ്പുവയ്ക്കുന്ന ചടങ്ങിൽ കൊളംബിയ തിയോളജിക്കൽ സെമിനാരിയുടെ പ്രതിനിധികൾക്കൊപ്പം മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മറ്റ് പ്രതിനിധികളും സന്നിഹിതരായിരുന്നു.

കൊളംബിയ തിയോളജിക്കൽ സെമിനാരിയുടെ സീനിയർ വൈസ് പ്രസിഡന്റും ഡീൻ ഓഫ് ഫാക്കൽറ്റി ആൻഡ് അക്കാദമിക് അഫയേഴ്സുമായ ഡോ. ക്രിസ്റ്റീൻ റോയ് യോഡർ, ന്യൂ ടെസ്റ്റമെന്റ് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ.രാജ് നടേല്ല, തിയോളജി പ്രൊഫസർ ഡോ.മാർത്ത മൂർകീഷ്, റവ.ഡോ.ചെറിയാൻ തോമസ്, റവ. സ്കറിയ വർഗീസ്, റവ. ജേക്കബ് തോമസ്, അറ്റ്ലാന്റയിലെ കാർമൽ മാർത്തോമ്മാ സെന്റർ ഡയറക്ടർ റവ. ഡോ.ജെയിംസൺ കെ.പള്ളിക്കുന്നേൽ എന്നിവർ പങ്കെടുത്തു.

യുവതലമുറയെ ദൈവശാസ്ത്ര പഠനത്തിലേക്ക് പ്രോത്സാഹിപ്പിക്കുക, സഭയുടെ ഭാവി നേതൃത്വത്തെ വാർത്തെടുക്കുക, വടക്കേ അമേരിക്കയിലെ മാർത്തോമ്മാ സഭയുടെ ദൗത്യവും ശുശ്രൂഷയും കൂടുതൽ ശക്തിപ്പെടുത്തുക എന്നിവയാണ് ഈ പങ്കാളിത്തത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

വരുംതലമുറകളിൽ വിശ്വാസവും ദൈവശാസ്ത്രപരമായ അറിവും സഭാശുശ്രൂഷയോടുള്ള പ്രതിബദ്ധതയും വളർത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പായാണ് ഈ ധാരണാപത്രം വിലയിരുത്തപ്പെടുന്നത്

താമ്പാ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ മിഷൻ ഞായർ വിപുലമായി ആചരിച്ചു



- റോബിൻ ചമ്പാനിയിൽ

ഫ്ലോറിഡ: താമ്പായിലെ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ ഈ വർഷത്തെ മിഷൻ ഞായർ വിപുലമായി ആചരിച്ചു. രാവിലെ ഇടവക വികാരി ഫാ.ജോസ് ആദോപ്പിള്ളിയുടെ കാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

മിഷൻ ഞായർ ഫണ്ട് സ്വരൂപിക്കുന്നതിനായി കുട്ടികളുടെയും മുതിർന്നവരുടെയും നേതൃത്വത്തിൽ വിവിധ സ്റ്റാളുകളും പ്രവർത്തനങ്ങളും അന്നേദിവസം ഒരുക്കി. സൺഡേ സ്കൂൾ പ്രിൻസിപ്പൽ സിജോയ് പറപ്പള്ളിയുടെ നേതൃത്വത്തിലുള്ള അദ്ധ്യാപകരും ദേവാലയ എക്സിക്യൂട്ടീവും പരിപാടികൾ ക്രമീകരിച്ചു.

ഒക്ലഹോമയിൽ പുതിയ നിയമങ്ങൾ നവംബർ 1 മുതൽ പ്രാബല്യത്തിൽ

- പി. പി ചെറിയാൻ

ഒക്ലഹോമ: ഒക്ലഹോമയിൽ പുതിയ നിയമങ്ങൾ നവംബർ 1 മുതൽ പ്രാബല്യത്തിൽ വരുന്നു. ഗാർഹിക പീഡനത്തിന് ഇരയാകുന്നവർക്ക് കൂടുതൽ സംരക്ഷണം ഉറപ്പാക്കുന്നതിനും മദ്യപിച്ചു വാഹനമോടിച്ച് വീണ്ടും പിടിയിലാകുന്നവർക്ക് കർശന ശിക്ഷ നൽകുന്നതിനുമാണ് പുതിയ നിയമങ്ങൾ നടപ്പിലാക്കുന്നത്.

കുറ്റകൃത്യങ്ങളുടെ പരിധി, ഇലക്ട്രോണിക് നിരീക്ഷണം, വീണ്ടും കുറ്റകൃത്യങ്ങൾ ചെയ്യുന്നത് തടയാനുള്ള നടപടികൾ എന്നിവയിൽ ഈ പുതിയ മാറ്റങ്ങൾ എങ്ങനെയെല്ലാം സ്വാധീനം ചെലുത്തുമെന്ന് ഹാലി ഹെട്രിക് വ്യക്തമാക്കുന്നുണ്ട്.

പുതിയ നിയമങ്ങളിലൂടെ ഇരകൾക്ക് കൂടുതൽ മെച്ചപ്പെട്ട സുരക്ഷയും നിയമസഹായവുമാണ് ഉറപ്പാക്കുന്നത്. കൂടാതെ, കുറ്റവാളികളെ ഇലക്ട്രോണിക് സംവിധാനങ്ങൾ വഴി കർശനമായി നിരീക്ഷിക്കുന്നതിനുള്ള വ്യവസ്ഥകളും ഊർജിതമാക്കിയിട്ടുണ്ട്. മദ്യപിച്ച് വാഹനമോടിച്ച് (ഉഡക) ആവർത്തിച്ച് പിടിയിലാകുന്നവർക്ക് നൽകുന്ന ശിക്ഷാനടപടികളും പിഴയും വർദ്ധിപ്പിച്ചതും പുതിയ നിയമത്തിലെ പ്രധാന മാറ്റങ്ങളിൽ ഉൾപ്പെടുന്നു.

സ്റ്റാൻലി കളത്തിൽ ഫോമാ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക്



ന്യൂയോർക്ക്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ) യുടെ 2028 2030 കാലയളവിലേക്കുള്ള ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മുൻ ഫോമാ ജോയിന്റ് സെക്രട്ടറിയും ന്യൂയോർക്ക് മെട്രോ റീജിയണൽ വൈസ് പ്രസിഡന്റുമായ സ്റ്റാൻലി കളത്തിൽ മത്സരിക്കുന്നു.

2008ൽ ഫോമാ രൂപീകരിക്കപ്പെട്ടതു മുതൽ കഴിഞ്ഞ 18 വർഷത്തെ പ്രവർത്തനപരിചയവും, പക്വമായ സമീപനവും സൗഹൃദപരമായ പെരുമാറ്റശൈലിയും സംഘടനയോടുള്ള പ്രതിബദ്ധതയും ദീർഘകാല പ്രവർത്തനപരിചയവും കൈമുതലാക്കിയാണ് അദ്ദേഹം സ്ഥാനാർഥിത്വം പ്രഖ്യാപിച്ചിരിക്കുന്നത്.

സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായ സ്റ്റാൻലി കളത്തിൽ, 2014-2016 കാലയളവിൽ ഫോമാ ജോയിന്റ് സെക്രട്ടറിയായും വിവിധ കാലഘട്ടങ്ങളിൽ റീജിയണൽ വൈസ് പ്രസിഡന്റ്, ഫോമാ അഡൈസറി ബോർഡ് ചെയർമാൻ എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഫോമയുടെ ശ്രദ്ധേയമായ RCC -പ്രോജക്ടിന്റെ വിജയത്തിലും നിർണായക പങ്കു വഹിച്ചു.

കേരളത്തിലും അമേരിക്കയിലുമായി നിരവധി സാമൂഹിക, സാംസ്കാരിക സംഘടനകളിൽ നേതൃസ്ഥാനങ്ങൾ വഹിച്ചിട്ടുള്ള അദ്ദേഹം അമേരിക്കയിലെ മലയാളി സംഘടനാ രംഗത്തും സജീവ സാന്നിധ്യമായ അദ്ദേഹം കേരള കൾച്ചറൽ അസോസിയേഷന്റെ ജോയിന്റ് സെക്രട്ടറി, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് , ഇന്ത്യൻ അമേരിക്കൻ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. നിലവിൽ നോർത്ത് ഹെംപ്സ്റ്റഡ് മലയാളി അസോസിയേഷൻ പ്രസിഡന്റാണ്.

അംഗസംഘടനകളുടെ ഐക്യം ശക്തിപ്പെടുത്തുക, റീജണൽ പ്രവർത്തനങ്ങൾ വിപുലീകരിക്കുക, വനിതകളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുക, അമേരിക്കയിൽ ബിസിനസ്സ് രംഗത്ത് പ്രവർത്തിക്കുന്നവരെ ഒന്നിപ്പിക്കുക, എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് പുതിയ തലമുറയെ സംഘടനയിലേക്ക് ആകർഷിക്കുന്നതിനൊപ്പം മുതിർന്ന പ്രവർത്തകരുടെ അനുഭവസമ്പത്തും സംഘടനയുടെ വളർച്ചയ്ക്കായി പ്രയോജനപ്പെടുത്തണമെന്നാണ് തന്റെ നിലപാട് എന്ന് വ്യക്തമാക്കി .

കേരളത്തിലെ ബാലജനസഖ്യം, യൂണിവൈ, വൈ.എം.സി.എ., യുവജനസഖ്യം തുടങ്ങിയ സംഘടനകളിലൂടെയാണ് സ്റ്റാൻലി കളത്തിൽ പൊതുപ്രവർത്തനരംഗത്തേക്ക് കടന്നുവന്നത്. വൈ.എം. സി.എ. തിരുവല്ല സബ് റീജിയൻ ജനറൽ കൺവീനർ, വൈ.എം.സി.എ. കേരള ഘടകം കമ്മിറ്റി അംഗം, അമേരിക്കൻ നോർത്ത് ഈസ്റ്റ് യുവജനസഖ്യം സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഫോമായിലെ കഴിഞ്ഞ പതിനെട്ട് വർഷത്തെ സംഘടനാ പ്രവർത്തനപരിചയവും നേതൃത്വപാടവവും കൈമുതലാക്കി, എല്ലാവരെയും ചേർത്തുനിർത്തുന്ന ശക്തവും സജീവവുമായ ഫോമയെ കെട്ടിപ്പടുക്കുകയാണ് തന്റെ ലക്ഷ്യമെന്ന് സ്റ്റാൻലി കളത്തിൽ വ്യക്തമാക്കി.

നീതിക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ജീവിതത്തിൽ എന്നും വലിയ പ്രാധാന്യം നൽകിയിട്ടുള്ള വ്യക്തിയാണ് മില്ലി.

ചെറുപ്പം മുതൽ പ്രസംഗരംഗത്തും കോളേജ് രാഷ്ട്രീയത്തിലും സജീവമായിരുന്ന മില്ലി നിരവധി പുരസ്കാരങ്ങൾ കരസ്ഥമാക്കുകയും വിവിധ നേതൃത്വസ്ഥാനങ്ങൾ വഹിക്കുകയും ചെയ്തിട്ടുണ്ട്. 1995ൽ എം.ജി. യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവലിന്റെ കോർഡിനേറ്ററായി പ്രവർത്തിച്ചു.

ഏഷ്യാനെറ്റ്, മനോരമ ന്യൂസ്, ദൂരദർശൻ, ഗ്ലോബൽ റിപ്പോർട്ടർ തുടങ്ങിയ മാധ്യമങ്ങളിൽ അവതാരകയായും ന്യൂസ് റിപ്പോർട്ടറായും പ്രവർത്തിച്ചുകൊണ്ട് മില്ലി മാധ്യമരംഗത്തും ശ്രദ്ധേയമായ ബന്ധങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അധ്യാപനം, സാമൂഹിക സേവനം, സംഘടനാ പ്രവർത്തനം, മാധ്യമരംഗം എന്നിവയെ സമന്വയിപ്പിച്ചുകൊണ്ട് വിവിധ മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ മില്ലിക്ക് കഴിഞ്ഞിട്ടുണ്ട്.

ആർട്സ് ആൻഡ് കൾച്ചറൽ ഫോറം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കു ഫൊക്കാന എക്സിക്യൂട്ടീവ് കമ്മിറ്റിക്കു വേണ്ടി പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിൻഡോ ജോളി, വൈസ് പ്രസിഡന്റ് ജോസി ജെ.കാരക്കാട്ട്, അസോസിയേറ്റ് സെക്രട്ടറി സോണി തോമസ് അമ്പൂക്കൻ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി അജു ഉമ്മൻ, അസോസിയേറ്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ ഗ്രേസ് മരിയ ജോസഫ്, വുമൺസ് ഫോറം ചെയർ പേഴ്സൺ ഷൈനി രാജു എന്നിവർ ആശംസകളും പിന്തുണയും അറിയിച്ചു.

ന്യൂയോർക്ക് അയ്യപ്പ സേവാസംഘത്തിന്റെ ആഭിമുഖ്യത്തിൽ ആഗോള അയ്യപ്പ സംഗമവും അയ്യപ്പ ജ്ഞാനയജ്ഞവും നടന്നു



- ജയപ്രകാശ് നായർ

ന്യൂയോർക്ക്: ന്യൂയോർക്ക് അയ്യപ്പ സേവാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ആഗോള അയ്യപ്പ സംഗമവും അയ്യപ്പ ജ്ഞാനയജ്ഞവും ഭക്തിനിർഭരമായി സമാപിച്ചു.

ഒക്ടോബർ 10 ശനിയാഴ്ച ഉച്ചയ്ക്ക് രണ്ടിന് ഫ്ലോറൽ പാർക്കിലെ 26 നോർത്ത് ടെസൺ ഓഡിറ്റോറിയത്തിൽ ആഗോള അയ്യപ്പസംഗമത്തിന് തുടക്കമായി. തുടർന്ന് ഒക്ടോബർ 11 ഞായറാഴ്ചയും 12 തിങ്കളാഴ്ചയും എൻ.ബി.എ. സെന്ററിൽ അയ്യപ്പ ജ്ഞാനയജ്ഞവും വിദ്യാരംഭ ചടങ്ങുകളും നടന്നു.

ശനിയാഴ്ച രാവിലെ എട്ടിന് ഫ്ളഷിംഗ് ഗണേശ ക്ഷേത്രത്തിൽ നടന്ന ഗണപതിഹോമത്തോടും പ്രത്യേക പൂജകളോടുമാണ് പരിപാടികൾക്ക് തുടക്കമായത്. അയ്യപ്പ സേവാ സംഘം പ്രസിഡന്റ് ഗോപിനാഥക്കുറുപ്പിന്റെ നേതൃത്വത്തിൽ വിവിധ ഹൈന്ദവ സംഘടനകളെ ഉൾപ്പെടുത്തി രൂപീകരിച്ച സ്വാഗത സംഘം, യജ്ഞാചാര്യൻ ഡോ. മണ്ണടി ഹരിയെ പൂർണ കുംഭം നൽകി സ്വീകരിച്ച് വേദിയിലേക്ക് ആനയിച്ചു. തുടർന്ന് അയ്യപ്പ സന്നിധിയിൽ ദീപം തെളിയിക്കുകയും മന്ത്രോച്ചാരണങ്ങളോടെ പുഷ്പാർച്ചന നടത്തുകയും ചെയ്തതോടെ അയ്യപ്പസംഗമത്തിന് ഔപചാരിക തുടക്കമായി. രാധാമണി നായർ പ്രാർത്ഥനാഗീതം ആലപിച്ചു.

അയ്യപ്പ സേവാസംഘം പ്രസിഡന്റ് ഗോപിനാഥക്കുറുപ്പ് വിശിഷ്ടാതിഥികളെയും സദസ്സിനെയും സ്വാഗതം ചെയ്തു. ഉച്ചയ്ക്ക് 2.30ന് തിരുവനന്തപുരം മേയർ വി.വി. രാജേഷ് സും പ്ലാറ്റ്ഫോമിലൂടെ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. അയ്യപ്പ സേവാസംഘം സെക്രട്ടറി രഘുവരൻ നായർ പരിപാടികളുടെ വിശദാംശങ്ങൾ അവതരിപ്പിക്കുകയും ചടങ്ങുകളുടെ അവതാരകയായ ഊർമിള റാണി നായരെ സദസ്സിന് പരിചയപ്പെടുത്തുകയും ചെയ്തു. തുടർന്ന് അയ്യപ്പ സേവാസംഘം ഭാരവാഹികളും വിവിധ സംഘടനകളുടെ പ്രതിനിധികളും വിശിഷ്ടാതിഥികളും ചേർന്ന് ഭദ്രദീപം തെളിയിച്ചു.

യജ്ഞാചാര്യൻ ഡോ.മണ്ണടി ഹരി, ഗുരുസ്വാമി പാർത്ഥസാരഥി പിള്ള, ഡോ.സുകുമാർ കാനഡ, ബാലകൃഷ്ണൻ നായർ, ശങ്കര അദ്വൈതാശ്രമം ഫോർ ഗ്ലോബൽ എൻലൈറ്റൻമെന്റ് പ്രസിഡന്റ് രാജീവ് ഭാസ്കർ, കെ.എച്ച്.എൻ.എ.ട്രസ്റ്റി ബോർഡ് ചെയർ പേഴ്സ ൺ വനജ നായർ, മന്ത്രയുടെ അഡൈസറി ബോർഡ് ചെയർമാൻ വിനോദ് കെയാർകെ എന്നിവർ മുഖ്യപ്രഭാഷണങ്ങൾ നടത്തി.

അയ്യപ്പഭക്തിയുടെ മഹത്ത്വവും ആത്മീയതയുടെ പ്രസക്തിയും ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കേണ്ടതിന്റെ ആവശ്യകതയും പ്രഭാഷണങ്ങളിൽ പ്രതിപാദിച്ചു. പ്രസിഡന്റ് ഗോപിനാഥക്കുറുപ്പ്, സെക്രട്ടറി രഘുവരൻ നായർ, ട്രഷറർ രാജഗോപാൽ കുന്നപ്പള്ളിൽ എന്നിവർ ചേർന്ന് വിശിഷ്ടാതിഥികളെ പൊന്നാട അണിയിച്ച് ആദരിച്ചു.

തുടർന്ന് നടന്ന കലാപരിപാടികൾ സംഗമത്തിന് കൂടുതൽ മിഴിവേകി. പ്രശസ്ത ഗായകൻ ശബരീനാഥും സംഘവും അവതരിപ്പിച്ച ഭക്തിസാന്ദ്രമായ ഭജന സദസ്സിനെ ആത്മീയാനുഭൂതിയിലാഴ്ത്തി. നരേന്ദ്രൻ നായർ (ഹരി, ന്യൂജെഴ്സി) ആയിരുന്നു ഭജനയുടെ കോഓർഡിനേറ്റർ.

ഭജനയ്ക്കുശേഷം കലാമണ്ഡലം ജോണിന്റെ നേതൃത്വത്തിലുള്ള കലാമണ്ഡലം സ്കൂൾ ഓഫ് ഡാൻസ്നൃത്തപരിപാടികളും അവതരിപ്പിച്ചു.

ഒക്ടോബർ 11, 12 തീയതികളിൽ രാവിലെ ഒമ്പതുമുതൽ എൻ.ബി.എ. സെന്ററിൽ അയ്യപ്പ ജ്ഞാനയജ്ഞം നടന്നു. യജ്ഞാചാര്യൻ ഡോ.മണ്ണടി ഹരിയുടെയും യജ്ഞപൗരാണികൻ ജയപ്രകാശ് നായരുടെയും നേതൃത്വത്തിലായിരുന്നു ജ്ഞാനയജ്ഞം സംഘടിപ്പിച്ചത്. അയ്യപ്പതത്ത്വം, സർവസമഭാവന, ലോകാ സമസ്താ സുഖിനോ ഭവന്തുഎന്ന മഹത്തായ സന്ദേശം എന്നിവയെ ആസ്പദമാക്കിയായിരുന്നു യജ്ഞാചാര്യന്റെ പ്രഭാഷണങ്ങൾ.

മനുഷ്യരാശിയുടെ സന്തോഷത്തിനും സമാധാനത്തിനും അഭിവൃദ്ധിക്കും ആത്മീയചിന്തകൾ നൽകുന്ന സംഭാവനകളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചു. ധാർമിക മൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ട് സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിക്കായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും വരുംതലമുറയ്ക്ക് അദ്ദേഹം പകർന്നു നൽകി.

യജ്ഞശാലയിലെ പാരായണത്തിനും അന്നദാനത്തിനും ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കുന്നതിൽ എൻ.ബി.എ. മാതൃസമിതി അംഗങ്ങളും സീതാ ഗ്രൂപ്പും സജീവമായി പങ്കെടുത്തു. രാധാമണി നായർ, രാജേശ്വരി രാജഗോപാൽ, ലതിക നായർ, വത്സല പണിക്കർ, രത്നമ്മ നായർ, സുശീലാമ്മ പിള്ള തുടങ്ങിയവരുടെ സേവനവും സംഘാടന മികവും പരിപാടിയുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ചു.

എല്ലാ ദിവസവും വൈകിട്ട് അഞ്ചിന് പാരായണം സമാപിച്ചതിനുശേഷം ഭജന, പ്രസാദ വിതരണം, അന്നദാനം എന്നിവ നടന്നു. ഭക്തജനങ്ങളുടെ സജീവ പങ്കാളിത്തം ജ്ഞാനയജ്ഞത്തെ ആത്മീയമായി സമ്പന്നമാക്കി.

യജ്ഞസമാപന ചടങ്ങിൽ അയ്യപ്പ സേവാസംഘം രക്ഷാധികാരി അഡ്വ.അപ്പൻ മേനോനും സംഘടനാ ഭാരവാഹികളും ചേർന്ന് യജ്ഞാചാര്യന് ദക്ഷിണ സമർപ്പിക്കുകയും പൊന്നാട അണിയിച്ച് ആദരിച്ചു.

ജ്ഞാനയജ്ഞത്തോടനുബന്ധിച്ച് മഹാനവമി പൂജവയ്പും തുടർന്ന് വിദ്യാരംഭ ചടങ്ങുകളും സംഘടിപ്പിച്ചു. എൻ.ബി.എ. സെന്ററിൽ നടന്ന വിദ്യാരംഭത്തിൽ നിരവധി കുരുന്നുകൾ അറിവിന്റെ ലോകത്തേക്ക് ആദ്യചുവടുവച്ചു. പരമ്പരാഗത ആചാരാനുഷ്ഠാനങ്ങളോടെ അരിയിൽ ആദ്യാക്ഷരം കുറിച്ചാണ് കുട്ടികളെ വിദ്യാരംഭം നടത്തിയത്. എൻ.ബി.എ. പ്രസിഡന്റ് ജനാർദ്ദനൻ തോപ്പിൽ, ഭജന കോ ഓർഡിനേറ്റർ പ്രഭാകരൻ നായർ, രഞ്ജിത് പിള്ള എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

ആഗോള അയ്യപ്പസംഗമം, അയ്യപ്പ ഭാഗവത ജ്ഞാനയജ്ഞം, ആത്മീയപ്രഭാഷണങ്ങൾ, ഭജന, നൃത്താവിഷ്കാരങ്ങൾ, വിദ്യാരംഭം എന്നിവയിലൂടെ ന്യൂയോർക്കിലെ മലയാളി ഹൈന്ദവ സമൂഹത്തിന് നവരാത്രിക്കാലം ആത്മീയവും സാംസ്കാരികവുമായ സമ്പന്നാനുഭവമായി മാറി.

സൈജൻ കണിയോടിക്കൽ ഫോമാ പബ്ലിക് റിലേഷൻസ് ഓഫീസർ

- അലൻ ചെന്നിത്തല



ഡിട്രോയിറ്റ്: ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസിന്റെ 2026- 2028 കാലയളവിലേക്കുള്ള പബ്ലിക് റിലേഷൻസ് ഓഫീസറായി ഡിട്രോയിറ്റിൽ നിന്നുള്ള സൈജൻ കണിയോടിക്കലിനെ തിരഞ്ഞെടുത്തു. ഫോമയുടെ പുതിയ നേതൃത്വത്തിന്റെ പ്രവർത്തനങ്ങൾക്ക് ശക്തമായ ആശയവിനിമയവും പൊതുജന ബന്ധവും ഉറപ്പാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന ചുമതലയാണ് പി. ആറോയുടേത്.

കലാ, സാംസ്കാരിക, സാഹിത്യ, സാമൂഹിക രംഗങ്ങളിൽ ദീർഘകാലമായി സജീവമായ സൈജൻ കണിയോടിക്കലിന് സംഘടനാ പ്രവർത്തനത്തിലും മാധ്യമപ്രവർത്തനത്തിലും വിപുലമായ അനുഭവമുണ്ട്. ഡിട്രോയിറ്റ് മലയാളി അസോസിയേഷൻ പ്രസിഡന്റായും ഇപ്പോൾ ബോർഡ് ഓഫ് ട്രസ്റ്റീസ് സെക്രട്ടറിയായും പ്രവർത്തിക്കുന്ന അദ്ദേഹം ഡിഎംഎയുടെ പ്രസിദ്ധീകരണമായ ധനിയുടെ ചീഫ് എഡിറ്ററാണ്. ഫോമാ ദേശീയ നേതൃത്വത്തിലും സൈജൻ വിവിധ ഉത്തരവാദിത്വങ്ങൾ വഹിച്ചിട്ടുണ്ട്. നാഷണൽ അഡൈസറി കൗൺസിൽ സെക്രട്ടറിയായി പ്രവർത്തിച്ച അദ്ദേഹം ഫോമയുടെ സാഹിത്യ പ്രസിദ്ധീകരണമായ അക്ഷരകേരളം ആരംഭിക്കുകയും അതിന്റെ മാനേജിംഗ് എഡിറ്ററായും പ്രവർത്തിച്ചു. നാടക രംഗത്തും ശ്രദ്ധേയമായ സംഭാവനകൾ നൽകിയിട്ടുള്ള സൈജൻ നിരവധി നാടകങ്ങൾ രചിക്കുകയും സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫോമയുടെ അന്താരാഷ്ട്ര നാടക മത്സരങ്ങളിൽ അദ്ദേഹത്തിന്റെ നാടകങ്ങൾക്ക് പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്. സാമൂഹിക പ്രതിബദ്ധതയോടെയുള്ള നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമാണ്.

സൈജൻ കണിയോടിക്കലിന്റെ സംഘടനാ പ്രവർത്തന പരിചയവും നേതൃത്വപാടവവും കണക്കിലെടുത്താണ് പുതിയ ചുമതലയിലേക്ക് പരിഗണിച്ചതെന്ന് ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ, സെക്രട്ടറി പോൾ പി ജോസ്, വൈസ് പ്രസിഡന്റ് സാമുവൽ മത്തായി, ജോയന്റ് സെക്രട്ടറി ഡോ.മൻജു പിള്ള, ജോയന്റ് ട്രഷറർ ജോൺസൺ കണ്ണൂക്കാടൻ തുടങ്ങിയവർ വ്യക്തമാക്കി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണയും ആശംസകളും പുതിയ ഫോമാ നേതൃത്വത്തിലെ ഭാരവാഹികളും വിവിധ സംഘടനാ നേതാക്കളും അറിയിച്ചിട്ടുണ്ട്. ഫോമയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അംഗസംഘടനകളെയും അമേരിക്കൻ മലയാളി സമൂഹത്തെയും കൂടുതൽ ഫലപ്രദമായി ബന്ധിപ്പിക്കുന്നതിനും പുതിയ നേതൃത്വത്തോടൊപ്പം പ്രവർത്തിക്കുമെന്ന് സൈജൻ കണിയോടിക്കൽ പറഞ്ഞു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച സൈജന്റെ നിയമനം ഡിട്രോയിറ്റിലെ മലയാളി സമൂഹത്തിനും പ്രത്യേകിച്ച് ഗ്രേറ്റ് ലേക്സ് റീജിയണും അഭിമാനകരമായ നേട്ടമാണ്.

ഉത്തമഗീതം സ്നേഹത്തിന്റെ വിശുദ്ധിയും ദാമ്പത്യത്തിന്റെ മഹത്വവും വെളിപ്പെടുത്തുന്ന സന്ദേശം: റവ. ജെയിംസ് കെ ജോൺ

- പി. പി ചെറിയാൻ

ഡാളസ്: ഡാലസ് സെന്റ് പോൾസ് മാർത്തോമ്മാ ഇടവക പാരിഷ് മിഷൻ വാർഷിക കൺവെൻഷന് സമാപനം. ഒക്ടോബർ 23 മുതൽ 24 തീയതികളിൽ നടന്ന കൺവെൻഷനിൽ ബൈബിളിലെ ഉത്തമഗീതത്തെ ആസ്പദമാക്കി നടന്ന ചിന്തകൾ വിശ്വാസ സമൂഹത്തിന് നവോഷേവും പുതിയ ഉണർവും പകർന്നു.

ശനിയാഴ്ച നടന്ന സമാപന യോഗത്തിൽ ലബ്ബക്കിലെ വികാരി റവ. ജെയിംസ് കെ ജോൺ മുഖ്യപ്രഭാഷണം നിർവഹിച്ചു. ഉത്തമഗീതം കേവലം പ്രണയത്തിന്റെ കാവ്യമല്ലെന്നും, സ്നേഹത്തിന്റെ വിശുദ്ധിയും ദാമ്പത്യത്തിന്റെ മഹത്വവും സമർപ്പണത്തിന്റെ ആഴവും വെളിപ്പെടുത്തുന്ന ദിവ്യസന്ദേശമാണെന്നും അദ്ദേഹം വ്യക്തമാക്കി.

പാരിഷ് മിഷൻ എന്നത് ഏതാനും ദിവസത്തെ ആരാധനകൾ മാത്രമല്ല, മറിച്ച് ജീവിതത്തെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കാനും കുടുംബബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്താനുമുള്ള സുവർണ്ണ അവസരമാണെന്ന ഓർപ്പെടുത്തലോടെയാണ് സന്ദേശം സമാപിച്ചത്.

ഇടവക വികാരി ഡോ.റെജിൻ രാജു യോഗത്തിന് സ്വാഗതം ആശംസിച്ചു. ബിനു തര്യൻ, കെ. എസ് മാത്യു അലക്സാണ്ടർ ഫിലിപ്പ്, സാറ ചെറിയാൻ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

2nd November- **Parumala Perunnal**

Kerala's glorious festival is one of the most well-known celebrations in India's evergreen state. Parumala Perunnal Kerala is a festival that brings Kerala to a halt. Parumala Perunnal Kerala is celebrated in an accessible location, making it easier for tourists to visit and find grace on the occasion.

മാധ്യമപ്രവർത്തകൻ മാത്യു ശാമുവേലിനു ചിക്കാഗോയിൽ സ്വീകരണം നൽകി



- കുര്യൻ ഫിലിപ്പ്

ചിക്കാഗോ: ഇന്ത്യയുടെ സാമൂഹ്യ രംഗത്തെ പുരോഗതിയിൽ ക്രൈസ്തവ സഭയുടെ സേവനങ്ങൾ പ്രധാനപ്പെട്ടതാണെന്ന് പ്രമുഖ മാധ്യമപ്രവർത്തകനും തെഹൽക മുൻ ചീഫ് എഡിറ്ററുമായ മാത്യു സാമുവേൽ പറഞ്ഞു. ചിക്കാഗോയിൽ സംഘടിപ്പിച്ച വിവിധ സ്വീകരണ സമ്മേളനങ്ങളിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സയോൻ ക്രിസ്ത്യൻ ചർച്ചിൽ വച്ച് നടന്ന സമ്മേളനത്തിൽ പ്രസിഡന്റ് ഡോ അലക്സ് ടി. കോശി സ്വാഗതം പറഞ്ഞു. പാസ്റ്റർ ജോസഫ് കെ ജോസഫിന്റെ ആമുഖ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ ജനറൽ സെക്രട്ടറി കുര്യൻ ഫിലിപ്പ് മാത്യു സാമുവലിനെ സദസ്സിന് പരിചയപ്പെടുത്തി യോഗ നടപടികൾക്ക് നേതൃത്വം നൽകി. രക്ഷാധികാരി കെ എം ഈപ്പൻ ഷാൾ അണിയിച്ച് അദ്ദേഹത്തെ സ്വീകരിച്ചു. വടക്കേ ഇന്ത്യയിൽ ക്രൈസ്തവ സഭകൾ ചെയ്യുന്ന സാമൂഹിക പരിവർത്തനത്തെ അദ്ദേഹം വിശദീകരിച്ചു.

പഞ്ചാബ് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ക്രൈസ്തവ സഭ അധിവേഗം വളരുന്നതിന്റെ കണക്കുകൾ അദ്ദേഹം അവതരിപ്പിച്ചു. സദസ്സിൽ നിന്ന് ഉയർന്ന എല്ലാ ചോദ്യങ്ങൾക്കും അദ്ദേഹം മറുപടി നൽകി. ജോൺസൻ ഉമ്മൻ നന്ദി രേഖപ്പെടുത്തി. പാസ്റ്റർ ജോർജ് കെ സ്റ്റീഫൻസൺ സമാപന പ്രാർത്ഥന നൽകി.

സിജിഎംഎയുടെ മറ്റ് ഭാരവാഹികളായ ഡോ ടൈറ്റസ് ഈപ്പൻ, ഡോ ബിജു ചെറിയാൻ എന്നിവർ വിവിധ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

ചിക്കാഗോ മലയാളി അസോസിയേഷൻ സംഘടിപ്പിച്ച സമ്മേളനത്തിലും അദ്ദേഹം പ്രസംഗിച്ചു.

കേരള എക്സ്പ്രസ് ഓഫീസ് സന്ദർശിച്ച അദ്ദേഹത്തെ ചീഫ് എഡിറ്റർ കെഎം ഈപ്പൻ സ്വീകരിച്ചു. ഡോ ടൈറ്റസ് ഈപ്പൻ, ഡോ അലക്സ് കോശി, വികർ ജോർജ് കുര്യൻ ഫിലിപ്പ്,സിസിൽ ജോസഫ് എന്നിവരും സന്നിഹിതരായിരുന്നു.

മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ചിന് ഓവറോൾ ചാമ്പ്യൻഷിപ്പ്



- ഷാജി രാമപുരം

ഡാളസ്: മാർത്തോമ്മാ നോർത്ത് അമേരിക്ക ഭദ്രാസന സൗത്ത് വെസ്റ്റ് സെന്റർ എ സേവികാസംഘത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കലാമേളയിൽ മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച് രണ്ടാം സ്ഥാനം നേടി. വിവിധ ഇടവകകളിൽ നിന്നുള്ള മത്സരാർത്ഥികൾ പങ്കെടുത്ത കലാമേള കലാപ്രതിഭകളുടെ മികവിനും ക്രൈസ്തവ കൂട്ടായ്മയുടെ ഐക്യത്തിനും വേദിയായി.

സെന്റർ പ്രസിഡന്റ് റവ.കെ.എം. മാത്യുവിന്റെ അധ്യക്ഷതയിൽ മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയിൽ വെച്ച് നടത്തപ്പെട്ട കലാമേള റവ. എബ്രഹാം വി. സാംസണിന്റെ പ്രാർത്ഥനയോടെ തുടക്കം കുറിച്ചു.

ബൈബിൾ ക്വിസ്, ഗ്രൂപ്പ് സോങ്, സോളോ സോങ്, മലയാളം, ഇംഗ്ലീഷ് പ്രസംഗം, ബൈബിൾ വായന, ഉപന്യാസരചന തുടങ്ങിയ ഇനങ്ങളിൽ വിവിധ ഇടവകകളിൽ നിന്നുള്ള മത്സരാർത്ഥികൾ മാറ്റുരച്ച കലാമേളക്ക് കൺവീനർ ലിസി യോഹന്നാൻ, സെന്റർ സെക്രട്ടറി റീനി മാത്യു എന്നിവരുടെ നേതൃത്വത്തിലുള്ള വിവിധ കമ്മറ്റികൾ നേതൃത്വം നൽകി.

സെഹിയോൻ മാർത്തോമ്മാ ചർച്ച് ഒന്നാം സ്ഥാനവും, മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ്, കരോൾട്ടൺ മാർത്തോമ്മാ ചർച്ച് ഓഫ് കരോൾട്ടൺ ഡാളസ് രണ്ടാം സ്ഥാനവും, മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ്, ഫാർമേഴ്സ് ബ്രാഞ്ച് മൂന്നാം സ്ഥാനവും നേടി.

ഗ്രൂപ്പ് സോങ് വിഭാഗത്തിൽ ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമ്മാ ചർച്ച് ഒന്നാം സ്ഥാനവും സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച് രണ്ടാം സ്ഥാനവും സെഹിയോൻ മാർത്തോമ്മാ ചർച്ച് മൂന്നാം സ്ഥാനവും നേടി.

സോളോ സോങ് ജൂനിയർ വിഭാഗത്തിൽ രഞ്ജിത എബ്രഹാം (ഫാർമേഴ്സ് ബ്രാഞ്ച്) ഒന്നാം സ്ഥാനവും, ഗിഫ്റ്റി സൈലസ് (മാർത്തോമ്മാ ചർച്ച്, ഒക്കലഹോമ) രണ്ടാം സ്ഥാനവും, രേഷ്മ ദിബു (ഫാർമേഴ്സ് ബ്രാഞ്ച്) മൂന്നാം സ്ഥാനവും നേടി.

സോളോ സോങ് സീനിയർ വിഭാഗത്തിൽ ഷാലി ജോർജ് (ഫാർമേഴ്സ് ബ്രാഞ്ച്) ഒന്നാം

ഐപിസി ഫാമിലി കോൺഫറൻസ്: രജിസ്ട്രേഷൻ കിക്കോഫ് ഡാളസിൽ

– നിബു വെള്ളവന്താനം

ഡാളസ്: ഐ.പി.സി നോർത്ത് അമേരിക്കൻ ഫാമിലി കോൺഫറൻസിന്റെ രജിസ്ട്രേഷൻ കിക്കോഫും സംഗീത സായാഹ്നവും നവംബർ 15 ഞായറാഴ്ച വൈകിട്ട് 5:30ന് ഡാളസിലെ ഫിലാഡൽഫിയ പെന്തക്കോസ്തൽ ചർച്ച് ഓഫ് ഡാളസിൽ വെച്ച് നടത്തപ്പെടും.

അനുഗ്രഹീത പ്രഭാഷകൻ പാസ്റ്റർ കെ. ജോയി (ഡാളസ്) മുഖ്യ വചന സന്ദേശം നൽകും. ബ്രദർ ജിനു വർഗീസും വർഷിപ്പ് ടീമും ആത്മീയ സംഗീത ആരാധനയ്ക്ക് നേതൃത്വം നൽകും.

ഡാളസിലും പരിസര പ്രദേശങ്ങളിലുമുള്ള ഐ. പി.സി സഭാ ശുശ്രൂഷകന്മാരും സഭാ പ്രതിനിധികളും യോഗത്തിൽ സംബന്ധിക്കും.

നാഷണൽ പ്രതിനിധി ബ്രദർ ജോൺ വർഗീസ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകും. നാഷണൽ കൺവീനർ പാസ്റ്റർ റോയ് വാകത്താനം, നാഷണൽ സെക്രട്ടറി ബ്രദർ രാജൻ ആര്യപ്പള്ളിൽ, നാഷണൽ ട്രഷറർ ബ്രദർ സാക്ക് ചെറിയാൻ, നാഷണൽ യൂത്ത് കോർഡിനേറ്റർ ബ്രദർ ജോമി ജോർജ്, നാഷണൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ കൊച്ചുമോൾ ജെയിംസ് എന്നിവർ കോൺഫറൻസ് സംബന്ധിച്ച വിശദീകരണങ്ങൾ നൽകും.

ലോക വിനോദ സഞ്ചാരികൾ ഏറെ ഇഷ്ടപ്പെടുന്ന ഫ്ളോറിഡയിലെ ഡിസ്നി വേൾഡിനു സമീപമുള്ള ഹിൽട്ടൻ ഹോട്ടൽ സമുച്ചയത്തിലാണ് ജൂലൈ 1 മുതൽ 4 വരെ 21-ാമത് ഐപിസി നോർത്ത് അമേരിക്കൻ ഫാമിലി കോൺഫറൻസ് നടത്തപ്പെടുന്നത്.

കേരള സെന്റർ 2026ലെ അവാർഡുകൾ സമ്മാനിച്ചു

കെവിൻ തോമസിന്റെ സാന്നിദ്ധ്യത്തിൽ അവാർഡ് സമ്മാനിച്ചു.

വിദ്യാഭ്യാസ മേഖലയിലെ മികവിനുള്ള അവാർഡ് ലഭിച്ച പ്രിൻസ് ജോൺസൺ 2026ലെ ന്യൂയോർക്ക് സ്റ്റേറ്റ് ടീച്ചർ ഓഫ് ദ ഇയർ അവാർഡും 2025ലെ ഗിൽഡർ ലേമൻ ന്യൂയോർക്ക് ഹിസ്റ്ററി ടീച്ചർ ഓഫ് ദ ഇയർ അവാർഡും നേടിയ 27 വർഷത്തെ പരിചയസമ്പന്നനായ അധ്യാപകനാണ്. കരിയർ, സാങ്കേതിക വിദ്യാഭ്യാസം എന്നിവയ്ക്ക് വേണ്ടി വാദിക്കുന്ന അദ്ദേഹം ന്യൂയോർക്ക് നഗരത്തിലെ ഫുഡ് ആൻഡ് ഫിനാൻസ് ഹൈ സ്ക്കൂളിൽ സാമൂഹിക ശാസ്ത്രം പഠിപ്പിക്കുകയും എൻവൈസിഐപിഎസ് ഫ്ലൈറ്റ് എഡ്യൂക്കേഷൻ ലീഡർഷിപ്പ് ടീമിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്നു. കേരള സെന്ററിന്റെ മുൻ അവാർഡിയായ ഡോ.അന്ന ജോർജ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്ററിന്റെ മുൻ അവാർഡിയും ബോർഡ് മെമ്പറും ഫോമാ മുൻ പ്രസിഡന്റുമായ ബേബി ഊരാളിൽ അവാർഡ് സമ്മാനിച്ചു.

പ്രവാസി മലയാള സാഹിത്യത്തിൽ അവാർഡ് ലഭിച്ച ജോസ് ചെരിപുറം പ്രതിഭാസമ്പന്നനായ കവിയും ഹാസ്യ സാഹിത്യകാരനുമാണ്. സർഗ്ഗവേദി, ലാന എന്നീ സാഹിത്യക്കൂട്ടായ്മകളിൽ സജീവമാണ് അദ്ദേഹം. കാവ്യനർത്തകി (കവിതകൾ 2011), അളിയന്റെ പടവലങ്ങ് (നർമ്മം 2012) എന്നിവയാണ് അദ്ദേഹത്തിന്റെ കൃതികൾ. അച്ചടി, ഓൺലൈൻ മാധ്യമങ്ങളിൽ കവിത, നർമ്മം, ലേഖനങ്ങൾ എന്നിവ എഴുതുന്നത് തുടരുന്നു. കേരള സെന്റർ മെമ്പർ ആമി ചെരിപുറം അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ മെമ്പറും അമേരിക്കൻ മലയാളി സമൂഹത്തിന്റെ ആദരണീയ നേതാവുമായ ജെ.മാത്യൂസ് അവാർഡ് സമ്മാനിച്ചു.

സർക്കാർ, പൊതുസേവനം എന്നീ മേഖലകളിലെ മികവിനുള്ള 2025 ലെ അവാർഡു ജേതാവും എന്നാൽ ഫാമിലി എമർജൻസി കാരണം ചടങ്ങിൽ പങ്കെടുക്കാൻ കഴിയാതിരുന്ന ഇൻസ്പെക്ടർ ഷിബു മധുവിനെ ഈ വർഷത്തെ ചടങ്ങിൽ ആദരിച്ചു. കേരള സെന്ററിന്റെ യൂത്ത് ഫോറം ട്രഷറർ ജോയൽ തോമസ് അദ്ദേഹത്തെ പരിചയപ്പെടുത്തി. കേരള സെന്റർ ട്രസ്റ്റീ ബോർഡ് മെമ്പർ അറ്റോർണി അപ്പൻ മേനോൻ അവാർഡ് സമ്മാനിച്ചു.

ഈ അവാർഡ് ദാന ചടങ്ങിനോടനുബന്ധിച്ചിറക്കിയ സുവനീറിന്റെ പ്രകാശനം കമ്മിറ്റി ചെയർ മേരി ഫിലിപ്പ് മറ്റ് കമ്മറ്റിയംഗങ്ങളായ ജോസ് കാടാപ്പുറം, മാത്യു വാഴപ്പള്ളി എന്നിവരുടെ സാന്നിധ്യത്തിൽ സർഗവേദി കോഓർഡിനേറ്റർ മനോഹർ തോമസിന് ഒരു കോപ്പി നൽകിക്കൊണ്ട് പ്രകാശനം ചെയ്തു.

പയനിയർ ക്ലബ്, സർഗ്ഗവേദി, ഗോപിയോ, ഫൊക്കാന, ഫോമ മുതലായ സംഘടനകളുടെ നേതാക്കൾ ഉൾപ്പെടെ നിരവധി കമ്മ്യൂണിറ്റി സംഘടനാ നേതാക്കൾ ചടങ്ങിൽ പങ്കെടുത്തു.

കേരള സെന്റർ ഭാരവാഹികളായ എബ്രഹാം തോമസ്, ജോൺ പോൾ, മാത്യു വാഴപ്പള്ളി, ജെയ്സൺ ഗീവർഗീസ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. ചടങ്ങിൽ ഡയ്സി സ്റ്റീഫൻ പള്ളിപറമ്പിൽ എംസി ആയിരുന്നു. താഹ്സീൻ, ബിൻസി, പ്രേം കൃഷ്ണൻ എന്നിവരുടെ മനോഹരമായ ഗാനങ്ങളും ഡോ. മധു പിള്ള കോർഡിനേറ്റു ചെയ്തുന്ന കലാഗ്രൂപ്പിലെ കലാകാരികളുടെ നൃത്തച്ചുവടുകളും അവാർഡ് ചടങ്ങിന് വർണ്ണപ്പകിട്ടേകി. സെക്രട്ടറി രാജു തോമസ് വിശിഷ്ട വ്യക്തികൾക്കും സദസ്യർക്കും സ്പോൺസേഴ്സിനും ഈ പരിപാടി വിജയിപ്പിക്കുവാൻ പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറഞ്ഞു.

ആഗോള ദൈവദശക പ്രാർത്ഥന സംഗമത്തിൽ പങ്കാളികളായി എസ്.എൻ.എം.സി വാഷിംഗ്ടൺ ഡിസി



വാഷിംഗ്ടൺ ഡിസി: രാജ്യങ്ങളുടെയും ഭാഷകളുടെയും മതങ്ങളുടെയും അതിർവരമ്പുകൾക്കപ്പുറം മനുഷ്യരാശിയെ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും വിശ്വസാഹോദര്യത്തിന്റെയും സന്ദേശത്തിൽ ഒന്നിപ്പിച്ച് സംഘടിപ്പിച്ച ആഗോള ദൈവദശക പ്രാർത്ഥനായജ്ഞം ചരിത്രവിജയമായി. ശ്രീനാരായണ ഗുരുദേവൻ രചിച്ച ദൈവദശകംലോകമെമ്പാടുമുള്ള ജനങ്ങൾ ഒരേസമയം ആലപിച്ച ഈ മഹാസംഗമത്തിൽ, 50ഓളം രാജ്യങ്ങളിൽ നിന്നായി 40 ലക്ഷത്തിലധികം പേർ പങ്കെടുത്തു.

ഈ ചരിത്രനിമിഷത്തിന്റെ ഭാഗമായി ശ്രീനാരായണ മിഷൻ സെന്റർ വാഷിംഗ്ടൺ ഡിസിയും പ്രാർത്ഥനാഗീതം ആലപിച്ച് പങ്കാളികളായി. അമേരിക്കയിലെ ഗ്രേറ്റർ വാഷിംഗ്ടൺ ഡിസി മേഖലയിൽ ശ്രീനാരായണ ഗുരുദേവന്റെ ദർശനങ്ങളും സന്ദേശങ്ങളും പ്രചരിപ്പിക്കുന്നതിനും, ജീവകാരുണ്യ സാംസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മുൻപന്തിയിൽ നിൽക്കുന്ന സംഘടനയാണ് എസ്എൻഎംസി. ഗുരുദേവദർശനങ്ങൾ അടുത്ത തലമുറയിലേക്ക് പകരുന്നതിനൊപ്പം, കൂട്ടായ്മയുടെയും സഹവർത്തിത്വത്തിന്റെയും പ്രകാശമാണ് ഈ സംഘടന പകരുന്നത്.

2026 ഒക്ടോബർ 25 ഞായറാഴ്ച, ഇന്ത്യൻ സമയം രാത്രി 7:15നായിരുന്നു ലോകത്തിന്റെ വിവിധ കോണുകളിൽ ഒരേസമയത്ത് പ്രാർത്ഥനാ സ്വരങ്ങൾ ഉയർന്നത്. ഇന്ത്യയിലെ 18 സംസ്ഥാനങ്ങൾക്ക് പുറമേ യൂറോപ്പ്, അമേരിക്ക, ഏഷ്യ, ഗൾഫ് മേഖലകൾ ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങളിലെ ഗുരുമന്ദിരങ്ങളിലും ആശ്രമങ്ങളിലും സംഘടനാ കേന്ദ്രങ്ങളിലും പൊതുവേദികളിലും കുടുംബസംഗമങ്ങളിലും വിശ്വാസികളും ഗുരുദർശന സ്നേഹികളും ഒത്തുചേർന്നു.

യുദ്ധങ്ങളും സംഘർഷങ്ങളും മതവിദ്വേഷവും സാമൂഹിക വിഭജനങ്ങളും കടുത്ത വെല്ലുവിളിയുയർത്തുന്ന ആധുനിക കാലഘട്ടത്തിൽ, സമാധാനത്തിന്റെയും ഐക്യത്തിന്റെയും പ്രകാശമേകുകയെന്ന ലക്ഷ്യത്തോടെയാണ് ഒരു ലോകം, ഒരു പ്രാർത്ഥനഎന്ന ആശയത്തിൽ ഈ ആഗോള സംരംഭം സംഘടിപ്പിച്ചത്.

ജർമ്മനി ആസ്ഥാനമായി പ്രവർത്തിക്കുന്ന ശ്രീനാരായണ ഫോറം ഫോർ യൂണിവേഴ്സൽ ബ്രദർഹുഡിന്റെ സ്ഥാപക ചെയർമാൻ ഡോ. വരുൺ രാധാകൃഷ്ണന്റെ നേതൃത്വത്തിലാണ് ലോകവ്യാപകമായ ഈ പ്രാർത്ഥനാ കൂട്ടായ്മ യാഥാർഥ്യമായത്. എസ്.എൻ.ഡി.പി. യോഗം ഉൾപ്പെടെയുള്ള പ്രമുഖ ശ്രീനാരായണ പ്രസ്ഥാനങ്ങളുടെയും വിവിധ രാജ്യങ്ങളിലെ ആത്മീയ, സാംസ്കാരിക, സാമൂഹിക സംഘടനകളുടെയും പൂർണ്ണ സഹകരണത്തോടെയായിരുന്നു സംഘാടനം.

മലയാളത്തിൽ രചിക്കപ്പെട്ട ദൈവദശകം തമിഴ്, കന്നഡ, ഹിന്ദി, ഇംഗ്ലീഷ്, ജർമ്മൻ തുടങ്ങിയ ഭാഷകളിലും ആലപിക്കപ്പെട്ടു. ഭാഷാ വ്യത്യാസങ്ങൾക്കപ്പുറം ഒരേ പ്രാർത്ഥനയുടെ ആശയവും മനുഷ്യസ്നേഹത്തിന്റെ സന്ദേശവും പങ്കുവെക്കാൻ ഈ കൂട്ടായ്മയ്ക്ക് സാധിച്ചു.

1914ൽ ശ്രീനാരായണ ഗുരുദേവൻ ആലുവയിലെ സംസ്കൃതപാഠശാലയിലെ വിദ്യാർഥികൾക്കായി രചിച്ച പത്ത് ശ്ലോകങ്ങളടങ്ങിയ ദൈവദശകം, ഉന്നതമായ ആത്മീയദർശനം അവതരിപ്പിക്കുന്ന പ്രാർത്ഥനാഗീതമാണ്. കാലാന്തരത്തിൽ ഇത് ലോകമെമ്പാടുമുള്ള ആത്മീയാന്വേഷകരുടെയും പ്രിയപ്പെട്ട പ്രാർത്ഥനയായി മാറി.

ദൈവമേ! കാത്തുകൊൾകങ്ങു, കൈവിടാതിങ്ങു ഞങ്ങളെ എന്ന പ്രാർത്ഥനയിൽ തെളിയുന്നത് വ്യക്തിയുടെ മാത്രം നന്മയല്ല; മറിച്ച്, സമസ്ത ജീവജാലങ്ങളുടെയും ക്ഷേമം ആഗ്രഹിക്കുന്ന വിശാലമായ മാനവികബോധമാണ്. ജാതി, മത, ദേശ വ്യത്യാസങ്ങൾക്കപ്പുറം മനുഷ്യന്റെ അന്തസ്സിനെയും സഹവർത്തിത്വത്തെയും ഉയർത്തിപ്പിടിച്ച ഗുരുദേവദർശനം ഇന്നത്തെ ലോകത്തിന് എത്രത്തോളം പ്രസക്തമാണെന്ന് ഈ ആഗോള കൂട്ടായ്മ വീണ്ടും ഓർമിപ്പിച്ചു.

മനുഷ്യരെ വേർതിരിക്കുന്ന അതിരുകളേക്കാൾ ശക്തമാണ് അവരെ ഒന്നിപ്പിക്കുന്ന സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശമെന്ന വലിയ സന്ദേശം നൽകിക്കൊണ്ടാണ് 2026 ഒക്ടോബർ 25ലെ ആഗോള ദൈവദശക പ്രാർത്ഥനാ സംഗമം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടത്.

ഇന്ത്യൻ എൻജിനീയേഴ്സ് അസോസിയേഷന്റെ ആനുവൽ ഗാലയും സ്കോളർഷിപ്പ് വിതരണവും നവംബർ 21ന് ഓക് ബ്രൂക്ക് മാരിയറ്റിൽ

ഷിക്കാഗോ: ഇന്ത്യൻ എൻജിനിയേഴ്സ് അസോസിയേഷന്റെ അനുവൽ ഗാലയും സ്കോളർഷിപ്പ് വിതരണവും നവംബർ 21ന് ഓക് ബ്രൂക്ക് മാരിയറ്റിന്റെ ഗ്രാൻഡ് ബാൾ റൂമിൽ വെച്ച് നടത്തും.

സമ്മേളനത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്യുന്നതായി പ്രസിഡന്റ് ഗ്ലാഡ്സൺ വർഗീസും, ആനുവൽ ഗാല ചെയർമാൻ ഗുൽസാർ സിംഗും അറിയിച്ചു. സമ്മേളനത്തിൽ ഇല്ലിനോയ്സ് ഗവർണ്ണർ ജെ.ബി പ്രിറ്റ്സകർ, കൗൺസിൽ ജനറൽ ഓഫ് ഇന്ത്യ ഡോ. ആനന്ദ് പ്രകാശ്, യുഎസ്. കോൺഗ്രസ് വുമൺ സ്ഥാനാർത്ഥി മെലിസ്സാ ബീൻ, ഇവാൻസ്റ്റൻ മേയറും യു.എസ് കോൺഗ്രസ്മാൻ സ്ഥാനാർത്ഥിയുമായ ഡാനിയേൽ മിസ് എന്നിവരെ ക്ഷണിച്ചിട്ടുണ്ട്.

എ.ഐയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ചർച്ചകൾ എസ്ഡിഐ സി.ഇ.ഒ. ഹർദ്ദിക്ക് ഭട്ട് നയിക്കും. വിവിധതരം ഡാൻസുകൾ, ബോളിവുഡ് ഗായകരായ ഭാവന ചൗധരിയും, നിമേഷ് നഗറും നയിക്കുന്ന ഗാനമേളയും അരങ്ങേറും.

സ്കോളർഷിപ്പിന് ഹൈസ്കൂൾ സീനിയർ സ്റ്റുഡന്റ്സ്, എൻജിനീയറിംഗ് മേജർ എടുക്കുന്നവർക്കും, എൻജിനീയറിംഗിൽ ആദ്യവർഷം പഠിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. രക്ഷകർത്താക്കൾക്ക് ഒരു വർഷം 100,000 ഡോളറിൽ കുറവ് വരുമാനം ആയിരിക്കണം. സമർത്ഥരായ കുട്ടികൾ തങ്ങളുടെ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കണം.

അപേക്ഷകൾ aaeiousa@gmail.com

സാമ്പത്തിക പ്രതിസന്ധിയുടെ കരിനിഴലിൽ അമേരിക്കൻ മലയാളി സമൂഹം: ചെറുകിട ബിസിനസുകളെ നെഞ്ചോട് ചേർക്കേണ്ട കാലം

വൻകിട കോർപ്പറേറ്റുകൾ മുതൽ സാധാരണക്കാരായ പ്രവാസികൾ വരെ ഈ സാമ്പത്തിക പ്രതിസന്ധിയുടെ പ്രത്യാഘാതങ്ങൾ അനുഭവിച്ചറിയുന്നു.

- സണ്ണി മാളിയേക്കൽ

ആഗോള യുദ്ധങ്ങൾ കാരണം തടസ്സപ്പെട്ട ഷിപ്പിംഗ് മേഖല, കുതിച്ചുയരുന്ന പലിശ നിരക്കുകൾ.. അമേരിക്കൻ സമ്പദ് വ്യവസ്ഥ ഇന്ന് മുൻപെങ്ങുമില്ലാത്തവിധം വലിയൊരു സാമ്പത്തിക മന്ദഗതിയിലൂടെയും അനിശ്ചിതത്വത്തിലൂടെയും കടന്നുപോകുകയാണ്. വൻകിട കോർപ്പറേറ്റുകൾ മുതൽ സാധാരണക്കാരായ പ്രവാസികൾ വരെ ഈ സാമ്പത്തിക പ്രതിസന്ധിയുടെ പ്രത്യാഘാതങ്ങൾ അനുഭവിച്ചറിയുന്നു.

ഈ വിഷമഘട്ടത്തിൽ, അമേരിക്കയിലെ പ്രവാസി മലയാളി സമൂഹം ഒന്നിച്ചുനിൽക്കേണ്ടതിന്റെയും നമ്മുടെ പ്രിയപ്പെട്ട ചെറുകിട ബിസിനസുകളെ ചേർത്തുപിടിക്കേണ്ടതിന്റെയും ആവശ്യകത മുൻപെന്നത്തേക്കാളും വർധിച്ചിരിക്കുകയാണ്.

ചരക്കുനീക്കത്തിനുള്ള ഷിപ്പിംഗ്, ഹാൻഡ്‌ലിംഗ് നിരക്കുകൾ കുത്തനെ ഉയർന്നതോടെ ഇന്ത്യയിൽ നിന്നും മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ നിന്നും അമേരിക്കയിലെത്തിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വൻതോതിൽ വിലവർധനവാണ് ഉണ്ടായിരിക്കുന്നത്. ഗ്യാസ്, പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർധനവ് പ്രാദേശിക വിതരണ ശൃംഖലയെയും സാരമായി ബാധിച്ചു.

ഇതിനുപുറമെ, ബാങ്ക് പലിശ നിരക്കുകൾ ഉയർന്ന നിലയിൽ തുടരുന്നത് റിയൽ എസ്റ്റേറ്റ്, കൺസ്ട്രക്ഷൻ മേഖലകളെ നിശ്ചലാവസ്ഥയിലാക്കിയിട്ടുണ്ട്. പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ കുറഞ്ഞതും വീടുകളുടെ വിൽപ്പന മന്ദഗതിയിലായതും അനുബന്ധ മേഖലകളിലെ തൊഴിലവസരങ്ങളെ ബാധിച്ചു. മുൻപ് ലഭ്യമായിരുന്ന ഓവർടൈം ജോലികളും അധിക ഷിഫ്റ്റുകളും വെട്ടിച്ചുരുക്കപ്പെട്ടതോടെ പല കുടുംബങ്ങളുടെയും പ്രതിമാസ വരുമാനത്തിൽ വലിയ കുറവുണ്ടായി. ഇത് ജനങ്ങളിൽ സാമ്പത്തിക അരക്ഷിതാവസ്ഥയും മാനസിക പിരിമുറുക്കവും സൃഷ്ടിച്ചിട്ടുണ്ട്. തൽഫലമായി, ആളുകൾ അത്യാവശ്യ കാര്യങ്ങൾക്ക് മാത്രം പണം ചെലവഴിച്ച്, വളരെ ജാഗ്രതയോടെയാണ് മുന്നോട്ട് പോകുന്നത്.

സാധാരണക്കാരുടെ സ്പെൻഡിംഗ് പവർ കുറഞ്ഞത് ഏറ്റവും കൂടുതൽ ബാധിച്ചിരിക്കുന്നത് നമ്മുടെ കമ്മ്യൂണിറ്റിയെ മാത്രം വിശ്വസിച്ച് പ്രവർത്തിക്കുന്ന ചെറിയ ഇന്ത്യൻ ഗ്രോസറി കടകളെയും, കുടുംബങ്ങൾ നടത്തുന്ന നാടൻ റെസ്റ്റോറന്റുകളെയുമാണ്.

ചരക്കുകൂലി വർധിച്ചതോടെ മാതൃരാജ്യത്തുനിന്ന് എത്തിക്കുന്ന നാടൻ പലവ്യഞ്ജനങ്ങളുടെയും പച്ചക്കറികളുടെയും അടക്കം ലാൻഡിംഗ് കോസ്റ്റ് വൻതോതിൽ കൂടി.

ലാഭേവിഹിതത്തിലെ കുറവ് വിലക്കയറ്റം മുഴുവനായും ഉപഭോക്താക്കളിലേക്ക് അടിച്ചേൽപ്പിക്കാൻ സാധിക്കാത്തതിനാൽ, സ്വന്തം ലാഭേവിഹിതം വെട്ടിക്കുറച്ചാണ് പല ചെറുകിട വ്യാപാരികളും സ്ഥാപനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്.

പ്രവർത്തനച്ചെലവ് വാടക, വൈദ്യുതി, തൊഴിലാളികളുടെ വേതനം എന്നിവയിലുണ്ടായ വർധനവ് ഇവരുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കുന്നു.

അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ വളർച്ചയിൽ ഈ ചെറുകിട സ്ഥാപനങ്ങൾ വഹിച്ച പങ്കു ചെറുതല്ല. നമ്മുടെ പ്രാദേശിക കൂട്ടായ്മകൾ, അസോസിയേഷനുകൾ, സാംസ്കാരിക പരിപാടികൾ, ഓണം, വിഷു ആഘോഷങ്ങൾ എന്നിവ നടക്കുമ്പോൾ ആദ്യമായി സ്പോൺസർഷിപ്പുമായി മുന്നോട്ടുവരുന്നത് ഈ സ്ഥാപനങ്ങളാണ്. കമ്മ്യൂണിറ്റി മീറ്റിംഗുകൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും സൗജന്യമായി ഭക്ഷണവും സാമ്പത്തിക സഹായവും നൽകി പിന്തുണച്ചവരാണ് ഈ സംരംഭകർ.

വലിയ സൂപ്പർമാർക്കറ്റുകൾക്കും കോർപ്പറേറ്റ് ശൃംഖലകൾക്കും ഇത്തരം പ്രതിസന്ധികളെ അതിജീവിക്കാൻ വലിയ മൂലധന ശേഷിയുണ്ടാകും. എന്നാൽ, നമ്മെ വിശ്വസിച്ച് ബിസിനസ് ചെയ്യുന്ന നമ്മുടെ പ്രവാസി സഹോദരങ്ങൾക്ക് നമ്മൾ നൽകുന്ന പിന്തുണ മാത്രമാണ് ഏക പിടിവള്ളി.

വലിയ ചെയിൻ സ്റ്റോറുകളെ ആശ്രയിക്കുന്നതിന് പകരം നമ്മുടെ തൊട്ടടുത്തുള്ള ഇന്ത്യൻ ഗ്രോസറി കടകളിൽ നിന്നും റെസ്റ്റോറന്റുകളിൽ നിന്നും സാധനങ്ങളും ഭക്ഷണവും വാങ്ങാൻ ശ്രദ്ധിക്കുക.

ആഴ്ചയിലൊരിക്കലെങ്കിലും പ്രാദേശികമായി മലയാളി മാനേജ് ചെയ്യുന്ന റെസ്റ്റോറന്റുകളിൽ നിന്ന് ഭക്ഷണം കഴിക്കുകയോ ഡെലിവറി എടുക്കുകയോ ചെയ്യുക. നമ്മുടെ സുഹൃത്തുക്കൾക്കും പരിചയക്കാർക്കും ഈ സ്ഥാപനങ്ങളെക്കുറിച്ച് നല്ല അഭിപ്രായങ്ങൾ പങ്കുവെക്കുക, സോഷ്യൽ മീഡിയയിലൂടെ അവരെ പിന്തുണയ്ക്കുക.

ഈ സാമ്പത്തിക മാന്ദ്യവും കഠിനമായ കാലവും കടന്നുപോകും. എന്നാൽ, വിഷമഘട്ടത്തിൽ പരസ്പര താങ്ങായി നിന്ന ചരിത്രമാണ് പ്രവാസി മലയാളികൾക്കുള്ളത്. പ്രിയപ്പെട്ട പ്രവാസി സഹോദരങ്ങളുടെ ബിസിനസുകൾ തകർന്നുപോകാതെ സംരക്ഷിക്കേണ്ടത് ഒരു സമൂഹമെന്ന നിലയിൽ നമ്മുടെ ഓരോരുത്തരുടെയും കടമയും ഉത്തരവാദിത്വവുമാണ്. നമുക്ക് ഒന്നിച്ചുനിൽക്കാം, നമ്മുടെ സ്വന്തം സ്ഥാപനങ്ങളെ നെഞ്ചോട് ചേർത്ത് പിടിച്ച് ഈ പ്രതിസന്ധിയെ അതിജീവിക്കാം.

ഫൊക്കാന കേരള കൺവൻഷൻ: ഒരുക്കങ്ങൾ പുരോഗമിക്കുന്നു



- ജിജി റ്റോം, ഫൊക്കാന പി. ആർ. ഓ

കൊച്ചി: ജനുവരി 11, 12, 13 തീയതികളിൽ കൊച്ചിയിലെ ഗ്രാൻഡ് ഹയാത്തിൽ നടക്കുന്ന ഫൊക്കാന കേരള കൺവൻഷന്റെ ഒരുക്കങ്ങൾ അവസാനഘട്ടത്തിലേക്ക് കടക്കുന്നതായി ഫൊക്കാന പ്രസിഡന്റ് ഫിലിപ്പോസ് ഫിലിപ്പ്, ജനറൽ സെക്രട്ടറി സന്തോഷ് നായർ, ട്രഷറർ ആന്റോ വർക്കി എന്നിവർ അറിയിച്ചു.

അമേരിക്കയിലെയും കാനഡയിലെയും മലയാളി സമൂഹത്തെ കേരളവുമായി കൂടുതൽ ശക്തമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ പരിപാടികളാണ് ഇത്തവണത്തെ കേരള കൺവൻഷനിൽ ഫൊക്കാന ആസൂത്രണം ചെയ്തിരിക്കുന്നത്. പ്രവാസി മലയാളികളുടെ സാമൂഹിക, സാംസ്കാരിക, ബിസിനസ് മേഖലകളിലെ സംഭാവനകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന രീതിയിലാണ് പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്.

കൺവൻഷന്റെ പ്രധാന ആകർഷണങ്ങളിലൊന്നായി ബിസിനസ് മീറ്റ് സംഘടിപ്പിക്കും. കേരളവും പ്രവാസി മലയാളി സമൂഹവും തമ്മിലുള്ള ബിസിനസ്, നിക്ഷേപ സാധ്യതകൾ ചർച്ച ചെയ്യുന്നതിനും സംരംഭകരെയും വ്യവസായ പ്രമുഖരെയും ഒരുമിച്ച് കൊണ്ടുവരുന്നതിനും ബിസിനസ് മീറ്റ് വേദിയാകും. കേരളത്തിലെ വിവിധ മേഖലകളിലെ പ്രമുഖ വ്യവസായികളും ബിസിനസ് നേതാക്കളും പരിപാടിയിൽ പങ്കെടുക്കും.

സാംസ്കാരിക സമ്മേളനവും കൺവൻഷന്റെ പ്രധാന പരിപാടികളിൽ ഒന്നായിരിക്കും. കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും പ്രവാസി മലയാളികളുടെ കലാസാംസ്കാരിക സംഭാവനകളും സമ്മേളനത്തിൽ അവതരിപ്പിക്കും. കലാകാരന്മാരുടെയും സാഹിത്യസാമൂഹിക രംഗത്തെ പ്രമുഖരുടെയും സാന്നിധ്യം പരിപാടിക്ക് കൂടുതൽ മാറ്റുകൂട്ടും.

കാലിക വിഷയങ്ങളും മാധ്യമ രംഗത്തെ പുതിയ മാറ്റങ്ങളും ചർച്ച ചെയ്യുന്നതിനായി മീഡിയ കോൺഫറൻസും സംഘടിപ്പിക്കുന്നുണ്ട്. മാധ്യമപ്രവർത്തകർ, മാധ്യമ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, സാമൂഹികസാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ പങ്കെടുക്കുന്ന മീഡിയ കോൺഫറൻസ് കേരളവും പ്രവാസി സമൂഹവും തമ്മിലുള്ള ആശയവിനിമയം കൂടുതൽ ശക്തമാക്കുന്നതിനുള്ള വേദിയാകും.

സ്ത്രീകളുടെ പങ്കാളിത്തത്തിനും നേതൃത്വത്തിനും പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് വുമൺസ് ഫോറം മീറ്റിംഗും കൺവൻഷന്റെ ഭാഗമായി നടക്കും. സ്ത്രീകളുടെ സാമൂഹിക, സാംസ്കാരിക, തൊഴിൽ മേഖലകളിലെ മുന്നേറ്റവും അവരുടെ നേതൃത്വ സാധ്യതകളും ചർച്ച ചെയ്യുന്നതിനൊപ്പം വിവിധ പദ്ധതികളും പരിപാടികളും ആവിഷ്കരിക്കും.

ഇതിനുപുറമെ, പ്രവാസി മലയാളികളുടെ പുതിയ തലമുറയെ കേരളത്തിന്റെ ഭാഷയുമായും സംസ്കാരവുമായും കൂടുതൽ അടുപ്പിക്കുന്നതിനായി ഭാഷാ സാംസ്കാരിക പദ്ധതികൾക്കും കൺവൻഷനിൽ പ്രത്യേക പ്രാധാന്യം നൽകും.

കേരളത്തിന്റെ വികസനത്തിൽ പ്രവാസി മലയാളികളുടെ പങ്കാളിത്തം വർധിപ്പിക്കുക, കേരളവും പ്രവാസി സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് കൺവൻഷൻ സംഘടിപ്പിക്കുന്നതെന്ന് ഫൊക്കാന ഭാരവാഹികൾ അറിയിച്ചു.

മൂന്നു ദിവസങ്ങളിലായി നടക്കുന്ന കേരള കൺവൻഷനിൽ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, സാഹിത്യ, ബിസിനസ്, മാധ്യമ രംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി വിവിധ കമ്മിറ്റികളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

ഫൊക്കാനയുടെ പ്രവർത്തനങ്ങൾക്ക് കേരളത്തിൽ കൂടുതൽ ജനപങ്കാളിത്തവും സാമൂഹിക പ്രസക്തിയും ഉറപ്പാക്കുന്നതിനുള്ള ഒരു പ്രധാന ചുവടുവയ്പ്പായിരിക്കും ഇത്തവണത്തെ കേരള കൺവൻഷനെന്നും ഭാരവാഹികൾ വ്യക്തമാക്കി.

ഐക്യത്തിന്റെയും ആനന്ദത്തിന്റെയും സൗഹാർദ്ദത്തിന്റെയും കൂട്ടായ്മ ഒരുക്കി കാർമേൽ മാർത്തോമ്മാ ഫാൾ ഫെസ്റ്റിവൽ



- പി.പി ചെറിയാൻ

അറ്റ്‌ലാന്റാ: അറ്റ്‌ലാന്റാ കാർമേൽ മാർത്തോമ്മാ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഫാൾ ഫെസ്റ്റിവൽ ശനിയാഴ്ച രാവിലെ 10 മണി മുതൽ സംഘടിപ്പിക്കപ്പെട്ടു. കാർമേൽ സെന്റർ മുൻ പ്രസിഡന്റ് ഡോ. ഐസക് മാർ പീലിക്സിനോസ് എപ്പിസ്കോപ്പ മുഖ്യ അതിഥിയായിരുന്നു.

കലാ സാംസ്കാരിക പരിപാടികളെ കൂടാതെ, മോട്ടോർ ഷോ, ഫുഡ് ഫെസ്റ്റിൽ, ഫേസ് പെയിന്റിംഗ്, ഹാൻഡ് ക്രാഫ്റ്റ് എന്നിവ ആഘോഷങ്ങൾക്ക് മിഴിവേകി. വിവിധ ക്രൈസ്തവ സഭ അംഗങ്ങളെ കൂടാതെ തദ്ദേശീയയായ നൂറുകണക്കിനാളുകൾ ഈ ആഘോഷത്തിൽ പങ്കുചേർന്നു. ഐക്യത്തിന്റെയും, ആനന്ദത്തിന്റെയും സൗഹാർദ്ദത്തിന്റെയും സന്ദേശം പങ്കുവെച്ച ഈ കൂട്ടായ്മ പങ്കെടുത്തവർക്ക് നവ്യാനുഭവം ആയിരുന്നു

ഭൗതിക വിജയങ്ങളേക്കാൾ പ്രധാനം ദൈവിക അനുസരണം: ഐ.പി.എൽ. 650-ാമത് പ്രതിവാര പ്രാർത്ഥനായോഗം ശ്രദ്ധേയമായി

- പി.പി ചെറിയാൻ

ഡെട്രോയിറ്റ്: ഇന്റർനാഷണൽ പ്രെയർ ലൈനിന്റെ 650-ാമത് പ്രതിവാര ഓൺലൈൻ പ്രാർത്ഥനായോഗം ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ നടന്നു.

ന്യൂജേഴ്സി റാൻഡോൾഫ് മാർത്തോമ്മാ ചർച്ച് വികാരി റവ. പ്രതേഷ് ഉമ്മൻ യോഗത്തിൽ മുഖ്യ പ്രഭാഷണം നടത്തി. ബൈബിളിലെ ശൗൽ രാജാവിന്റെ ചരിത്രപരമായ ജീവിതത്തെയും ദൈവനിയോഗത്തിന്റെ ഗൗരവത്തെയും ആസ്പദമാക്കി അദ്ദേഹം നൽകിയ സന്ദേശം പങ്കെടുത്തവർക്ക് വലിയ ആത്മീയ ഉണർവ്വേകി.

ശക്തനായ ഭരണാധികാരിയും മികച്ച സൈനിക നേതൃത്വം നൽകിയ വ്യക്തിയുമായിരുന്നെങ്കിലും, കേവലം ഭൗതിക ശക്തിയോ അധികാരമോ കൊണ്ട് ദൈവിക നിയോഗം പൂർത്തിയാക്കാൻ കഴിയില്ലെന്ന് ശൗലിന്റെ ജീവിതം വ്യക്തമാക്കുന്നുവെന്ന് പ്രഭാഷണത്തിൽ ചൂണ്ടിക്കാണിച്ചു. ഒന്ന് ശമുവേൽ 15-ാം അധ്യായത്തിൽ കാണുന്നതുപോലെ, പ്രവാചകനായ ശമുവേൽ മുഖേന ലഭിച്ച ദൈവിക കല്പനകൾ ഭാഗികമായി മാത്രം അനുസരിക്കുകയും സ്വന്തം സൗകര്യങ്ങൾക്ക് മുൻഗണന നൽകുകയും ചെയ്തതാണ് ശൗലിന്റെ പതനത്തിന് കാരണമായത്. സ്ഥാനമാനങ്ങൾ എത്ര ഉയർന്നതാണെങ്കിലും ദൈവിക കല്പനകൾക്ക് കീഴടങ്ങുകയാണ് പ്രധാനം. ദൈവം നൽകിയ പദവിയേക്കാൾ പ്രധാനം, ആ സ്ഥാനത്തിരുന്ന് അവിടുത്തെ ഹിതത്തോട് എത്രത്തോളം വിശ്വസ്തത പുലർത്തുന്നു എന്നതാണെന്ന് യോഗം വിലയിരുത്തി.

ഡെട്രോയിറ്റിൽ നിന്നുള്ള സി. വി. സാമുവൽ സ്വാഗതവും ആമുഖ സന്ദേശവും നൽകി. ബെത്‌ലഹേം, പി.എ.യിൽ നിന്നുള്ള ഡോ. അലക്സ് തോമസ് ആരംഭ പ്രാർത്ഥന നിർവ്വഹിക്കുകയും, ന്യൂജേഴ്സിയിൽ നിന്നുള്ള മതി ബീന മാത്യു 1 ശമുവേൽ 15: 22-26 ഭാഗങ്ങൾ വായിക്കുകയും ചെയ്തു. തുടർന്ന് ഹൂസ്റ്റണിൽ നിന്നുള്ള ജോസഫ് ടി. ജോർജ് (രാജു) മധ്യസ്ഥ പ്രാർത്ഥന നയിച്ചു.

ഹൂസ്റ്റണിൽ നിന്നുള്ള ടി. എ. മാത്യു നന്ദി രേഖപ്പെടുത്തുകയും വരാനിരിക്കുന്ന പ്രോഗ്രാമുകളെക്കുറിച്ചുള്ള അറിയിപ്പുകൾ പങ്കുവെക്കുകയും ചെയ്തു. ഹൂസ്റ്റൺ സോവേഴ്സ് ഹാർവെസ്റ്റ് ഇവാഞ്ചലിക്കൽ ചർച്ച് വികാരി റവ. കെ.ബി.കുരുവിളയുടെ സമാപന പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി യോഗം സമാപിച്ചു. ഹൂസ്റ്റണിൽ നിന്നുള്ള ഷിജു ജോർജ്ജ്, ജോസഫ് ടി. ജോർജ് (രാജു) എന്നിവർ സാങ്കേതിക സഹായങ്ങൾ ഏകോപിപ്പിച്ചു.

മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ചിന് ഓവറോൾ ചാമ്പ്യൻഷിപ്പ്

സ്ഥാനവും, ജിനു കുര്യൻ (സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച്) രണ്ടാം സ്ഥാനവും ലിജിമോൾ മാത്യു (ഫാർമേഴ്സ് ബ്രാഞ്ച്) മൂന്നാം സ്ഥാനവും നേടി.

പ്രസംഗം മലയാളം വിഭാഗത്തിൽ റെയ്ന റോയ് (സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച്) ഒന്നാം സ്ഥാനവും, ടിജി ലൂക്കോസ് (സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച്) രണ്ടാം സ്ഥാനവും മീര മിറിയം മാത്യു (ഫാർമേഴ്സ് ബ്രാഞ്ച്) മൂന്നാം സ്ഥാനവും നേടി.

പ്രസംഗം ഇംഗ്ലീഷ് വിഭാഗത്തിൽ ലേയ ടോം (ഫാർമേഴ്സ് ബ്രാഞ്ച്) ഒന്നാം സ്ഥാനവും ഡിംപിൾ ചെലഗിരി (സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച്) രണ്ടാം സ്ഥാനവും ലിഫി ചെറിയാൻ (മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ്, കരോൾട്ടൺ) മൂന്നാം സ്ഥാനവും നേടി.

ബൈബിൾ വായന മലയാളം വിഭാഗത്തിൽ സുബി ഫിലിപ്പ് (ഫാർമേഴ്സ് ബ്രാഞ്ച്) ഒന്നാം സ്ഥാനവും ആനി വർഗീസ് (സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച്) രണ്ടാം സ്ഥാനവും ഷൈനി ബിജു (ഫാർമേഴ്സ് ബ്രാഞ്ച്) മൂന്നാം സ്ഥാനവും നേടി.

ഉപന്യാസരചന മലയാളം വിഭാഗത്തിൽ മറിയാമ്മ മാത്യു (മാർത്തോമ്മാ ചർച്ച്, ഒക്കലഹോമ) ഒന്നാം സ്ഥാനവും, റെയ്ന റോയ് (സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച്) രണ്ടാം സ്ഥാനവും റേച്ചൽ തോമസ് (ഫാർമേഴ്സ് ബ്രാഞ്ച്) മൂന്നാം സ്ഥാനവും നേടി.

ഉപന്യാസരചന ഇംഗ്ലീഷ് വിഭാഗത്തിൽ ട്രിന ജോൺ (മാർത്തോമ്മാ ചർച്ച് ഓഫ് ഡാളസ്, കരോൾട്ടൺ) ഒന്നാം സ്ഥാനവും ഡിംപിൾ ചെലഗിരി (സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച്) രണ്ടാം സ്ഥാനവും മെർലിൻ എബ്രഹാം (സെഹിയോൻ മാർത്തോമ്മാ ചർച്ച്) മൂന്നാം സ്ഥാനവും നേടി.

November 3- **World Jellyfish Day Buy Maps**

As this is the season when jellyfish will start their migration to the shores of the northern hemisphere, World Jellyfish Day has been set to fall in the springtime in the southern hemisphere.

November 3- **World Sandwich Day**

Following the assertion that he invented the sandwich, John Montagu, 4th Earl of Sandwich is thought to be the namesake of the sandwich. This day honors the variety of tastes found in the go-to evening meal.

അമേരിക്കൻ മലയാളി സമൂഹത്തിന്റെ സജീവ സാന്നിധ്യം പി. ടി. തോമസിന് ഇത് ധന്യ മുഹൂർത്തം



- ഡോ.ജോർജ് എം. കാക്കനാട്ട്

ഹൂസ്റ്റൺ: സമൂഹസേവനത്തിന്റെ വഴികളിൽ സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തിത്വം, ന്യൂയോർക്ക് സ്റ്റേറ്റിലെ ടാക്സ് കൺസൾട്ടന്റായ പി. ടി. തോമസിന് ഫോമയുടെ ആദരം. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സാന്നിധ്യത്തിൽ സീറോ മലബാർ രൂപതാ അധ്യക്ഷൻ ബിഷപ്പ് ജോയ് ആലപ്പാട്ട് അദ്ദേഹത്തെ പൊന്നാട അണിയിച്ചു.

തൊഴിൽരംഗത്തെ പ്രാവീണ്യത്തോടൊപ്പം ഇന്ത്യൻ അമേരിക്കൻ സമൂഹത്തിന്റെ വളർച്ചയ്ക്കും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന അമേരിക്കൻ മലയാളി സമൂഹത്തിലെ ശ്രദ്ധേയനായ സാന്നിധ്യമാണ് പി. ടി. തോമസ്.

ഫോമയുടെ തുടക്കം മുതൽ സംഘടനയോടൊപ്പം സജീവമായി പ്രവർത്തിച്ചുവരുന്ന പി. ടി. തോമസ്, എംപയർ റീജിയൻ റീജിയണൽ വൈസ് പ്രസിഡന്റായും കഴിഞ്ഞ ആറു വർഷം ഓഡിറ്ററായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഫോമയുടെ 20 വീടുകളുടെ ഭവനപദ്ധതിയിലെ ആദ്യത്തെ വീട് യാഥാർഥ്യമാക്കുന്നതിൽ പങ്കുവഹിച്ച അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിച്ചത്, അദ്ദേഹത്തിന്റെ സാമൂഹിക പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ്. ഹൂസ്റ്റൺ കൺവെൻഷനുകളിൽ വിവിധ വിഷയങ്ങളിൽ നികുതി സെമിനാറുകൾ സംഘടിപ്പിച്ച് തന്റെ തൊഴിൽപരമായ അറിവും അനുഭവസമ്പത്തും സമൂഹവുമായി പങ്കുവെച്ചതും അദ്ദേഹത്തിന്റെ പ്രവർത്തനമികവിന്റെ തെളിവാണ്.

വിജ്ഞാനത്തിന് മുമ്പുള്ള ഫൊക്കാനയുടെ കാലത്ത് കമ്മിറ്റി അംഗമായും പ്രവർത്തിച്ച അദ്ദേഹം, അമേരിക്കൻ മലയാളി സംഘടനകളുടെ വളർച്ചയിൽ പങ്കാളിയായി. സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച പി.ടി. തോമസ്, മാർത്തോമ്മാ യുവജനസഖ്യത്തിന്റെ സ്ഥാപകകാല യുവജന പ്രവർത്തകരിൽ ഒരാളായിരുന്നു. ഗവൺമെന്റ് എംപ്ലോയീസ് അസോസിയേഷന്റെ പ്രസിഡന്റായും പ്രവർത്തിച്ച അദ്ദേഹം, സംഘടനാ നേതൃത്വത്തിലും പൊതുപ്രവർത്തനത്തിലും തന്റെ കഴിവുകൾ തെളിയിച്ചിട്ടുണ്ട്.

പൊതുസേവനത്തോടുള്ള പ്രതിബദ്ധത അദ്ദേഹത്തെ രാഷ്ട്രീയരംഗത്തേക്കും നയിച്ചു. ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലിയിലേക്ക് മത്സരിച്ച അദ്ദേഹം, വളരെ നേരിയ വോട്ടുവ്യത്യാസത്തിലാണ് വിജയത്തിൽനിന്ന് അകന്നത്. തെരഞ്ഞെടുപ്പിൽ വിജയിക്കാനായില്ലെങ്കിലും പൊതുരംഗത്ത് പ്രവർത്തിക്കാനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയും സമൂഹത്തോടുള്ള പ്രതിബദ്ധതയും പ്രത്യേകം പരാമർശിക്കപ്പെടേണ്ടതാണ്.

പി. ടി. തോമസ് ഒരു ടാക്സ് കൺസൾട്ടന്റ് മാത്രമല്ല; സംഘടനാ പ്രവർത്തകൻ, സഭാ സേവകൻ, യുവജന പ്രസ്ഥാനത്തിന്റെ സഹയാത്രികൻ, പൊതുരംഗത്തെ സജീവ സാന്നിധ്യം, സാമൂഹിക പ്രതിബദ്ധതയുള്ള വ്യക്തിത്വം, വിവിധ മേഖലകളിൽ തന്റെ കഴിവും സേവനമനോഭാവവും തെളിയിച്ച വ്യക്തിയാണ്.

ഫോമയുടെ ഭവനപദ്ധതിയിലൂടെ ഒരു കുടുംബത്തിന് സ്വന്തം വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കൈത്താങ്ങാകുന്നത് വെറുമൊരു സഹായമല്ല; അത് പ്രതീക്ഷയും സുരക്ഷിതത്വവും മെച്ചപ്പെട്ട നാളെയിലേക്കുള്ള വിശ്വാസവും പകരുന്ന മഹത്തായ പ്രവർത്തനമാണ്. അത്തരം സാമൂഹിക സംരംഭങ്ങളോടുള്ള അദ്ദേഹത്തിന്റെ പങ്കാളിത്തം സേവനത്തിന്റെ യഥാർഥ മൂല്യം ഉയർത്തിക്കാട്ടുന്നു

നന്മ ചെയ്യുന്നവരെ ആദരിക്കുക എന്നത് സമൂഹത്തിന്റെ മഹത്തായ സംസ്കാരമാണ്. പി. ടി. തോമസിനെ പൊന്നാട അണിയിച്ച് ആദരിക്കുന്നത് ഒരു വ്യക്തിക്കുള്ള അംഗീകാരം മാത്രമല്ല, സമൂഹനന്മയ്ക്കായി നിസ്വാർഥമായി പ്രവർത്തിക്കുന്ന ഓരോരുത്തർക്കുമുള്ള പ്രോത്സാഹനം കൂടിയാണെന്ന് ഫോമാ പ്രസിഡന്റ് ബിജു തോണിക്കടവിൽ പറഞ്ഞു.

ഡിട്രോയിറ്റ് ക്നാനായ കത്തോലിക്ക ഇടവകയിൽ മിഷൻ ലീഗിന് പുതിയ നേതൃത്വം



- ജെയിസ് കണ്ണച്ചാൻപറമ്പിൽ

ഡിട്രോയിറ്റ് ക്നാനായ കത്തോലിക്ക ഇടവകയിൽ മിഷൻ ലീഗിന് പുതിയ നേതൃത്വം . ജോൺപോൾ കണ്ണച്ചാൻപറമ്പിൽ (പ്രസിഡന്റ്), ലിലിയൻ കവണാൻ (വൈസ് പ്രസിഡന്റ്), ഐസയ്യ താന്നിച്ചുവട്ടിൽ (സെക്രട്ടറി), അജയ് പൊക്കന്താനം (ജോ.സെക്രട്ടറി), ഇസബെല്ല പുത്തൻപറമ്പിൽ (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

ജെയ്ഡൻ എരുമത്തറ, ക്രിസ്റ്റഫർ താന്നിക്കുഴിപ്പിൽ, ഈവ ഇടത്തിപ്പുറമ്പിൽ, ഒലീവിയ താന്നിച്ചുവട്ടിൽ, നറ്റാലിയ താനത്ത്, സെയറ കണ്ണച്ചാൻപറമ്പിൽ, മിഷേൽ കണ്ണച്ചാൻപറമ്പിൽ എന്നിവരാണ് സമിതി അംഗങ്ങൾ. സുബി തേക്കിലക്കാട്ടിൽ (ജോയിന്റ് ഡയറക്ടർ), റവ.ഫാ.ജോസെഫ് തറയ്ക്കൽ (ഡയറക്ടർ).

യു. എസ്. പ്രസിഡൻഷ്യൽ സ്കോളർ ബഹുമതി മലയാളി വിദ്യാർത്ഥിനി ജിസ്മി മാത്യുവിന്

– ശ്രീകുമാർ ഉണ്ണിത്താൻ



ന്യൂജേഴ്സി: അമേരിക്കയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഏറ്റവും ഉയർന്ന ദേശീയ അംഗീകാരങ്ങളിലൊന്നായ 2026ലെ യു.എസ്. പ്രസിഡൻഷ്യൽ സ്കോളർ ബഹുമതിക്ക് ന്യൂജേഴ്സിയിലെ ഈസ്റ്റ് ഹാനോവറിൽ താമസിക്കുന്ന മലയാളി വിദ്യാർത്ഥിനി ജിസ്മി മാത്യു അർഹയായി. അക്കാദമിക മികവ്, സാങ്കേതികവിദ്യയിലെ നേട്ടങ്ങൾ, നേതൃത്വപാടവം, സാമൂഹിക സേവനം എന്നിവയിലൂടെ ശ്രദ്ധേയയായ ജിസ്മിയുടെ നേട്ടം അമേരിക്കൻ മലയാളി സമൂഹത്തിനും അഭിമാനമായി.

ഒക്ടോബർ 27ന് യു.എസ്. വിദ്യാഭ്യാസ വകുപ്പ് പ്രഖ്യാപിച്ച 161 പ്രസിഡൻഷ്യൽ സ്കോളർമാരിൽ കരിയർ ആൻഡ് ടെക്നിക്കൽ എജ്യുക്കേഷൻ വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട 20 വിദ്യാർത്ഥികളിൽ ഒരാളാണ് ജിസ്മി. രാജ്യത്താകമാനം 6,700ലധികം വിദ്യാർത്ഥികൾ പരിഗണനയ്ക്ക് അർഹരായ മത്സരാധിഷ്ഠിത തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് ഈ ബഹുമതി നേടിയത്. രാജ്യവ്യാപകമായി തിരഞ്ഞെടുക്കപ്പെട്ട 627 സെമിഫൈനലിസ്റ്റുകളിൽനിന്നാണ് അന്തിമ വിജയികളെ കണ്ടെത്തിയത്.

ന്യൂജേഴ്സിയിലെ മോറിസ് കൗണ്ടി സ്കൂൾ ഓഫ് ടെക്നോളജിയിൽ കമ്പ്യൂട്ടർ ഇൻഫർമേഷൻ സയൻസസ് അക്കാദമിയിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ജിസ്മി, പഠനത്തിലെ മികവിന് സ്കൂളിലെ കമ്പ്യൂട്ടർ സയൻസ് അക്കാദമി സ്കോളർ എന്ന അംഗീകാരത്തിനും അർഹയായി. ഹൈസ്കൂൾ ഗ്രാജുവേഷൻ ചടങ്ങിൽ തന്റെ ബാച്ചിനെ അഭിസംബോധന ചെയ്ത് പ്രസംഗിക്കാനും ജിസ്മിക്ക് അവസരം ലഭിച്ചു. പഠനമികവിനൊപ്പം നേതൃത്വപാടവവും പ്രകടമാക്കുന്നതായിരുന്നു ഈ നേട്ടങ്ങൾ.

സാങ്കേതികവിദ്യയിലും ശ്രദ്ധേയമായ നേട്ടങ്ങളാണ് ജിസ്മി കൈവരിച്ചിട്ടുള്ളത്. ന്യൂജേഴ്സി ടെക്നോളജി സ്റ്റുഡന്റ് അസോസിയേഷന്റെ വെബ്മാസ്റ്റർ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ജിസ്മി, കൗണ്ടി കോളേജ് ഓഫ് മോറിസിന്റെ 2025 ഫാൾ സെമസ്റ്റർ ഡീൻസ് ലിസ്റ്റിലും ഇടംനേടി. വെബ് ഡെവലപ്മെന്റ്, യൂസർ എക്സ്പീരിയൻസ് ഡിസൈൻ, ഡിജിറ്റൽ മീഡിയ എന്നീ മേഖലകളിലും പ്രാവീണ്യം തെളിയിച്ചിട്ടുണ്ട്.

പഠനമികവിനൊപ്പം സാമൂഹികസേവനത്തിനും ജിസ്മി വലിയ പ്രാധാന്യം നൽകുന്നു. ഫോക്കാന, ഫാദർ മാത്യു കുന്നത്ത് ചാരിറ്റബിൾ ഫൗണ്ടേഷൻ തുടങ്ങിയ സംഘടനകളുടെ വെബ്സൈറ്റ് വികസനത്തിനും ഡിജിറ്റൽ പ്രവർത്തനങ്ങൾക്കും ജിസ്മി സാങ്കേതിക സഹായം നൽകിയിട്ടുണ്ട്.

സാങ്കേതികവിദ്യയിലേക്ക് പെൺകുട്ടികളെ കൂടുതൽ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നഗേൾസ് ഹൂ കോഡ്സം ഘടനയുടെ സ്കൂൾതല സഹപ്രസിഡന്റായും സ്റ്റുഡന്റ് കൗൺസിൽ ട്രഷററായും ജിസ്മി പ്രവർത്തിച്ചിട്ടുണ്ട്. 2023ൽ ഈസ്റ്റ് ഹാനോവർ സെൻട്രൽ എലിമെന്ററി സ്കൂളിൽ ആരംഭിച്ച കമ്പ്യൂട്ടർ സയൻസ് ആൻഡ് സ്റ്റെം ഫാമിലി നൈറ്റ്പരിപാടി ജിസ്മിയുടെ നേതൃത്വപാടവത്തിന്റെ മറ്റൊരു ഉദാഹരണമാണ്. കുട്ടികൾക്കും കുടുംബങ്ങൾക്കും ശാസ്ത്രസാങ്കേതിക മേഖലകളെ പരിചയപ്പെടുത്തുന്ന ഈ സംരംഭം പിന്നീട് വാർഷിക പരിപാടിയായി മാറി.

1964ൽ ആരംഭിച്ച യു.എസ്. പ്രസിഡൻഷ്യൽ സ്കോളേഴ്സ് പ്രോഗ്രാം അമേരിക്കയിലെ മികച്ച ഹൈസ്കൂൾ വിദ്യാർത്ഥികളുടെ അക്കാദമിക നേട്ടങ്ങളും നേതൃത്വഗുണങ്ങളും സാമൂഹിക പ്രതിബദ്ധതയും അംഗീകരിക്കുന്ന ദേശീയ പദ്ധതിയാണ്.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം ജിസ്മി ഇപ്പോൾ ന്യൂജേഴ്സി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ആൽബർട്ട് ഡോർമൻ ഓണേഴ്സ് കോളേജിൽ കമ്പ്യൂട്ടർ സയൻസിൽ ഉപരിപഠനം നടത്തുകയാണ്.

ഈസ്റ്റ് ഹാനോവറിൽ താമസിക്കുന്ന ലിന്റോ മാത്യുവിന്റെയും ജിനു മാത്യുവിന്റെയും മകളാണ് ജിസ്മി. ജൂഡിത്ത്, ജേസൺ എന്നിവർ സഹോദരങ്ങളാണ്.

November 3 - **Melbourne Cup Day**
(First Tuesday of the month)

Melbourne Cup Day is observed on the first Tuesday of November (3rd November this year). This day is also known for hosting one of the most famous horse races in the world.Order Calendars

5th November- **World Tsunami Awareness Day**

World Tsunami Awareness Day is observed on November 5th to highlight the dangers of tsunamis and to emphasize the importance of early warning systems in minimizing the damage caused by natural disasters. Many organizations provide traditional knowledge about tsunamis to make people aware of the situation.

മാധ്യമപ്രവർത്തകൻ മാത്യു സാമുവലിന് പണ്ഡിത രാമാഭായി പുരസ്കാരം നൽകി ആദരിച്ചു

ക്രിസ്ത്യൻ ഫെല്ലോഷിപ് ഫോർ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 25നാണ് പരിപാടി സംഘടിപ്പിച്ചത്.



– സാം മാത്യു, ഡാളസ്

ഡാളസ്: ജനാധിപത്യത്തിനും മതേതരത്വത്തിനും പ്രാധാന്യം നൽകുന്ന ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ, ക്രൈസ്തവ സമൂഹം നേരിടുന്ന പീഡനങ്ങളെയും വെല്ലുവിളികളെയും കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഡാളസിൽ സംഘടിപ്പിച്ച സമ്മേളനം ശ്രദ്ധേയമായി. ക്രിസ്ത്യൻ ഫെല്ലോഷിപ്പ് ഫോർ ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 25നാണ് പരിപാടി സംഘടിപ്പിച്ചത്. പ്രമുഖ അന്വേഷണാത്മക മാധ്യമപ്രവർത്തകൻ മാത്യു സാമുവൽ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.

വർദ്ധിച്ച് വരുന്ന ക്രൈസ്തവ വിരുദ്ധതയും, ക്രിസ്ത്യാനികളെ തിരഞ്ഞ് പിടിച്ച് അക്രമിക്കുന്നതും ഒരു പതിവ് സംഭവമാണെങ്കിലും രാജ്യത്തിന്റെ വിവിധ ഇടങ്ങളിൽ ജനങ്ങൾ ക്രിസ്തുവിനാൽ ആകൃഷ്ടരായി തീരുന്നതായും അദ്ദേഹം പ്രസ്താവിച്ചു. നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും എന്ന വചനം പോലെ, ആളുകൾ ക്രിസ്തീയ മാർഗ്ഗം സ്വീകരിക്കുന്നതിൽ അസഹിഷ്ണുത പൂണ്ട ഒരു വിഭാഗമാണ് മതപരിവർത്തനം ആരോപിച്ചു അക്രമങ്ങൾ അഴിച്ചു വിടുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സദസ്സിൽ നിന്ന് ഉയർന്ന ചോദ്യങ്ങൾക്ക് മാത്യു സാമുവൽ മറുപടി നൽകി.

ചടങ്ങിൽ സിഎഫ്ഐ ഏർപ്പെടുത്തിയ പ്രഥമ പണ്ഡിത രാമാഭായി പുരസ്കാരം മാത്യു സാമുവലിന് സമ്മാനിച്ചു. മുതിർന്ന മാധ്യമപ്രവർത്തകനും ഡി മലയാളിചീഫ് എഡിറ്ററുമായ പി.പി. ചെറിയാനാണ് അവാർഡ് കൈമാറിയത്. ഇന്ത്യയിലെ പീഡിത ക്രിസ്ത്യാനികൾക്കായി പ്രവർത്തിക്കുന്ന പ്രശാന്ത് ഡേവിഡ് മംഗളപത്രം വായിച്ചു. ഭരണഘടനാപരമായ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ന്യൂനപക്ഷങ്ങൾക്കായും ക്രൈസ്തവർക്കായും നിരന്തരം ശബ്ദമുയർത്തുകയും, മാധ്യമതലത്തിൽ ധീരമായ ഇടപെടലുകൾ നടത്തുകയും ചെയ്തതിനാണ് അദ്ദേഹത്തിന് ഈ പുരസ്കാരം നൽകിയതെന്ന് സംഘാടകർ വ്യക്തമാക്കി.

സി.എഫ്.ഐ ചെയർമാൻ പാസ്റ്റർ മാത്യു ശാമുവേൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി പാസ്റ്റർ ഷാജി കാരയ്ക്കൽ സ്വാഗതപ്രസംഗം നടത്തുകയും മുഖ്യാതിഥിയെ സദസ്സിന് പരിചയപ്പെടുത്തുകയും ചെയ്തു. ട്രഷറർ റവ. തോമസ് മുല്ലക്കൽ കൃതജ്ഞത പറഞ്ഞു.

ക്രൈസ്തവ സഭാനേതാക്കൾ, മാധ്യമപ്രവർത്തകർ തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ സമ്മേളനത്തിൽ പങ്കെടുത്തു.

കോൺഗ്രസ് നേതാവ് ഉല്ലാസ് തോമസിന് ഹൂസ്റ്റണിൽ ഊഷ്മള സ്വീകരണം



– സജി പുല്ലാട്

ഹൂസ്റ്റൺ: എറണാകുളം മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും എറണാകുളം ഡി സി സി ജനറൽ സെക്രട്ടറിയുമായ ഉല്ലാസ് തോമസിന് ഹൂസ്റ്റണിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ നേതൃത്വത്തിൽ ഊഷ്മളമായ സ്വീകരണം നൽകി.

ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡന്റ് ജസ്റ്റിൻ ജേക്കബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഉല്ലാസ് തോമസിനെ സ്വാഗതം ചെയ്യുകയും ആദരിക്കുകയും ചെയ്തു.

ചടങ്ങിൽ സ്റ്റാഫോർഡ് സിറ്റി മേയർ കെൻ മാത്യു, ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ദേശീയ വൈസ് പ്രസിഡന്റ് തോമസ് ഒലിയാംകുന്നേൽ, മുൻ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ,വേൾഡ് മലയാളി കൗൺസിൽ പ്രസിഡന്റ് എസ്. കെ. ചെറിയാൻ, എറണാകുളം ജില്ലാ കൂട്ടായ്മ ഫോറം പ്രസിഡന്റ് മിഥായേൽ (മിക്കി), വൈസ് പ്രസിഡന്റ് മാരായ ബിജു ഇട്ടൻ, ബിബി പാറയിൽ തുടങ്ങിയവർ പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

സംഘടനയുടെ പ്രമുഖ നേതാക്കളായ മാത്യു കൂട്ടാളിൽ (വാവച്ചൻ), ബിനു വണ്ടനാൽ, ജിജി പാലക്കുഴ, അരുൺ, ജോർജ് പൗലോസ്, ജോർജ് റെജി ജോർജ്, സുജോയ് പൗലോസ് തുടങ്ങിയവർ സംസാരിച്ചു.

മറുപടി പ്രസംഗത്തിൽ ഉല്ലാസ് തോമസ് തനിക്ക് ഹൂസ്റ്റണിൽ ലഭിച്ച ഊഷ്മളമായ സ്വീകരണത്തിനും, നാട്ടിലെ സാമൂഹിക വിഷയങ്ങളെക്കുറിച്ചും, ജനങ്ങളുടെ ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിച്ച അദ്ദേഹം പ്രവാസി സമൂഹം നൽകുന്ന സ്നേഹത്തിനും പിന്തുണയ്ക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തി.